S. 3408

സിദ്ധാർത്ഥചരിതം



വെണ്ണിക്കുളം

വിനസ്

സിദ്ധാർത്ഥചരിതം

S.LE NARASIMHA VILASOM • BOOK DEPOT THURAVOOR • SHERTALLAY Kerala State

വിനന്നു് ========

======== ദ വണ്ണിക്കളം

Malayalam

SIDHARTHA CHARITHAM

(Poetry)

By

VENNIKKULAM GOPALA KURUP

First Edition Copies 1000

Printed at

Venus Press, Konni

Publishers

VENUS PRESS & BOOK DEPOT

KONNI, Kerala

Price Re. 1 nP. 25

Copy right

Veanikkulam Gopala Kurup

Thycaud - Trivandrum.

സിദ്ധാർത്ഥചരിതം

(ആറാം കാണ്ഡം)

വിവർത്തകൻ:

വെണ്ണിക്കുളം ഗോപാലക്കുറുപ്പ്

പ്രസാധകർ:

വീനസ് പ്രസ്സ് & ബുക്കഡിപ്പോ

കോന്നി, കേരളാ

ഒന്നാം പതിപ്പ്
കോപ്പി ആയിരം

അച്ചടി
വീനസ് പ്രസ്സ്,
കോന്നി

വില
ഒന്നേകാൽ രൂപാ

ഇത്രകാലം കൈരളി കാത്തിരിക്കേണ്ടിവന്ന, നിലച്ചുപോയ ആ വേണുഗാനം തുടൎന്നൂത പാടിക്കേൾപ്പിക്കാൻ, ശ്രീ: വെണ്ണിക്കുളത്തിന്റെ അനുഗ്രഹീതമായ തൂലിക, ആ മഹനീയകൎമ്മം വിദഗ്ദ്ധമായും സമുചിതമായും, വിജയപൂൎവ്വം നിൎവ്വഹിച്ചിരിക്കുന്നു.

അങ്ങനെ, അഞ്ചു ഭാഗങ്ങളോളമെത്തി, കാലത്തിന്റെ കനത്ത പ്രഹരമേററ് അപൂൎണ്ണമായി അവശേഷിച്ചിരുന്ന മഹാകവി കുമാരനാശാന്റെ ശ്രീബുദ്ധചരിതം, ആറാം ഭാഗം തുടങ്ങി തുടൎന്നു പാടുകയാണ്, ശ്രീ: വെണ്ണിക്കുളം. ശുദ്ധിയും സിദ്ധിയും തികഞ്ഞ ശ്രീ: വെണ്ണിക്കുളത്തിന്റെ ഈ കാവ്യസരസ്വതി സഹൃദയസമക്ഷം അവതരിപ്പിക്കാൻ സാധിച്ചതു പലതുകൊണ്ടുമൊരു ഭാഗധേയമായിത്തന്നെ ഞങ്ങൾ കരുതുന്നു.

പ്രസാധകർ.

മുഖവുര

ലോകഗുരുവായ ശ്രീബുദ്ധന്റെ ജീവിതത്തേയും തത്വചിന്തകളേയും അധികരിച്ച് സർ എഡ്വിൻ ആർനോൾഡ് എഴുതിയ "ലൈററ് ഓഫ് ഏഷ്യ" (The Light of Asia) എന്ന മഹാകാവ്യം വിശ്വസാഹിത്യത്തിലെ അതിവിശിഷ്ടമായ ഒരു നിധിയാണ്. ഇതിന്റെ ഒരു പരിഭാഷ "പൗരസ്ത്യദീപം" എന്ന പേരിൽ, വളരെ നാളുകൾക്കുമുമ്പ് ശ്രീ. നാലപ്പാട്ടു നാരായണമേനോൻ പ്രസിദ്ധപ്പെടുത്തി. വിവർത്തനം, അന്നത്തെ സമ്പ്രദായമനുസരിച്ച് സംസ്കൃതവൃത്തങ്ങളിൽ (അധികവും അനുഷ്ടുപ്ഛന്ദസ്സ്) നിർവ്വഹിച്ചതുകൊണ്ട് വേണ്ടത്ര പ്രചാരം അതിനു കിട്ടിയിട്ടുണ്ടെന്നു തോന്നുന്നില്ല. എങ്കിലും മൂലകൃതിയുടെ അന്തസ്സിനും അഴകിനും അനുരൂപമായ ഒരു പരിഭാഷയാണതെന്നു് രേഖപ്പെടുത്തേണ്ടിയിരിക്കുന്നു.

പിന്നീട്, മഹാകവി കുമാരനാശാൻ "ശ്രീബുദ്ധചരിതം" എന്ന പേരിൽ പ്രസ്തുതകൃതി കിളിപ്പാട്ടുവൃത്തങ്ങളിൽ പകർത്തി. ഗ്രന്ഥം പൂർത്തിയാക്കുവാൻ അദ്ദേഹത്തിനു സാധിച്ചില്ല. മൂന്നു പ്രാവശ്യമായി അഞ്ചു കാണ്ഡം പ്രസിദ്ധീകരിച്ചു. ആദ്യത്തെ രണ്ടു കാണ്ഡം കഴിഞ്ഞ ശേഷം മൂലകൃതിയുടെ ശരിതർജ്ജമ എന്ന നിലവിട്ട് അതിനെ ഒരു സ്വതന്ത്രകൃതിയാക്കുവാനാണ് ആശാൻ പരിശ്രമിച്ചതു്. അദ്ദേഹത്തിന്റെ അസാധാരണമായ കല്പനാശക്തിയും കവനകലാനൈപുണിയും അക്കാര്യത്തിൽ വിജയം വരിക്കതന്നെ ചെയ്തു. എന്നാൽ ഭാഗ്യദോഷമെന്നു പറയട്ടെ, ഈ ചന്ദ്രകല വളർന്നുവളർന്ന് പൂർണ്ണചന്ദ്രനായി പരിണമിക്കുകയുണ്ടായില്ല.

ആശാന്റെ അകാലചരമത്തിനുശേഷം, ഒന്നുരണ്ടു സുഹൃത്തുക്കൾ അനന്തരഭാഗങ്ങൾ തർജ്ജമചെയ്തു പ്രസിദ്ധപ്പെടുത്തിയതായി കേട്ടിട്ടുണ്ടു്. അലസതകൊണ്ടു് അവ വായിച്ചുനോക്കുവാൻ എനിക്കു കഴിഞ്ഞതില്ല.

അവശേഷിക്കുന്ന ഭാഗങ്ങൾക്കു് ഒരു പുതിയ വിവർത്തനം തയ്യാറാക്കുവാൻ ചില ഭാഷാപ്രണയികൾ എന്നെ പ്രേരിപ്പിച്ചപ്പോൾ ഒരു ഉത്സാഹം തോന്നി. ആറാംകാണ്ഡം ഇയ്യിടെ എഴുതിത്തീർക്കയും ചെയ്തു. അതാണു് "സിദ്ധാർത്ഥചരിതം" എന്ന പേരിൽ ഇപ്പോൾ അവതരിപ്പിക്കുന്നതു്. ബാക്കി രണ്ടു കാണ്ഡങ്ങളും അചിരേണ പ്രകാശിപ്പിക്കാമെന്നു വിചാരിക്കുന്നു. മൂലകാവ്യത്തിലെ ആശയങ്ങൾ അതേപടി പകർത്താനേ ഞാൻ ഉദ്യമിച്ചിട്ടുള്ളു. സർ ആർനോൾഡിന്റെ വിസ്മയകരമായ പ്രതിഭയും നിരീക്ഷണവൈഭവവും പ്രതിപാദനഭംഗിയും യഥാശക്തി മലയാളികളുടെ മുമ്പിൽ കാഴ്ചവെയ്ക്കുക മാത്രമാണു് എന്റെ ലക്ഷ്യം.

ഈ പുസ്തകത്തിന്റെ പ്രസിദ്ധീകരണഭാരം ഏറ്റെടുത്ത കോന്നി വീനസ് പ്രസ്സിന്റെ ഉടമസ്ഥൻ ശ്രീ. ശേഖർ എന്റെ ഒരു ചിരകാലസുഹൃത്താണു്. അദ്ദേഹത്തിനു ഞാൻ വന്ദനം പറയുന്നു.

തിരുവനന്തപുരം,
25—11—1961.

വെണ്ണിക്കുളം ഗോപാലക്കുറുപ്പു്
(ഒപ്പു്)

സിദ്ധാർത്ഥചരിതം

മംഗളജ്ഞാനം സമാപ്തിയിലുണ്ടായ-
തെങ്ങനെ കാണുവാൻ നിങ്ങളാശിക്കുകിൽ,
പോവുക ഗംഗാതടംവഴി'യ്ക്കായിര-
ക്കാവി'ൽനിന്നുത്തരപശ്ചിമാശോന്മുഖം,
'നീലജ്' 'മോഹന്'യെന്നുള്ളിരട്ടയാം
ചോലകൾക്കുൽഭവസ്ഥാനമായ് മിന്നിടും
ശ്യാമപ്രഭങ്ങളാം കുന്നിൻനിരകളി-
ലാമന്ദമംഘ്രിയണച്ചിട്ടുന്നാളുവും.
അപ്പുഴ രണ്ടും കുതിക്കുന്ന മാർഗ്ഗത്തി-
നൊപ്പം വളഞ്ഞുതിരിഞ്ഞുപോയീടണം,
പാരം പരന്ന ദലങ്ങൾചേരും 'മഹു'-
പാദപശ്രേണിതൻതാഴത്തുക്കൂടിയും,
ചന്തം കലർന്ന 'സാൻസാര' 'വീര'ങ്ങൾ തൻ
പൊന്തകൾ തിങ്ങിയ ഭാഗത്തു കൂടിയും,
ഉല്ലസിച്ചീടും നദീസഹജാതകൾ
ചേലെഴും 'ഫൽഗു'വിൻ തണ്ണീരൊഴുക്കമായ്,
പച്ചച്ച മോഹനമൈതാനദേശത്തു
വെച്ചുചേർന്നൊന്നായ് ചമഞ്ഞു മന്ദേതരം,

ക്കൂട്ടം കുതൂഹലത്തോടേ ശിലാമയ-
ക്കൂലഭാഗങ്ങളെത്തൊട്ടുതൊട്ടങ്ങനെ,
ശ്രീമദ്‘ഗയ’യിലും ചോപ്പാർന്ന ‘ബർബര’-
മാമലയിങ്കലും ചെന്നുചേരുംവരെ.

അന്നാടിതൻ സമീപത്തായ്ക്കിടപ്പുണ്ടു
മുൻനാ‘ളുരുവ്വല’യെന്ന പേരാർന്നതായ്,
വിട്ടുവിട്ടോരോ മണൽക്കുന്നു ചേർന്നതായ്
കെട്ടിപ്പിണഞ്ഞ മുൾക്കാടുള്ളൊരൂഷരം.
ആയതിൻ ചാരത്തു കാടൊന്നു കണ്ടിടാം,
തോയാകരപ്പച്ചവർണ്ണപ്പൊടിപ്പുകൾ
പാടേ വിഹായസ്സിലിട്ടുലച്ചങ്ങനെ
ചോടേ ചെടിപ്പടർപ്പാർന്നു ശോഭിപ്പതായ്.
നീലശുഭ്രാംബുജമാല ചാർത്തുന്ന നിർ-
ച്ചോല മദാലസം പോകുന്നിതാവഴി.
കാൺമു കുതിക്കുന്ന മീനിൻനിരകളും
കൂർമ്മങ്ങളും നിറഞ്ഞക്കൊച്ചുനിർഝരം.
ആ മലഞ്ചോലയ്ക്കു തൊട്ടടുത്തുണ്ടൊരു
ഗ്രാമം മനോഹരം ‘സേനാനി’സംജ്ഞകം;
ശാന്തിലാളിത്യപ്രധാനമാം ജീവിത-
മെന്നും കൃഷീവലഗോപാലലാളിതം;
താലദ്രുമങ്ങൾക്കിടയ്ക്കു പററിസ്സുഖം
കോലുന്ന പാവങ്ങളൊതുങ്ങിക്കിടപ്പതായ്.

പുല്ലണിമേൽക്കൂരയാർന്നു രാജിച്ചിടു-
മില്ലങ്ങളാണതിൽത്തങ്ങുന്നതത്രയും.

പിന്നെയും ശ്രീബുദ്ധനക്കാനനത്തിങ്ക-
ലന്യൂനമായുള്ളൊരേകാന്തശാന്തിയിൽ,
മർത്ത്യർതൻ ദുഃഖങ്ങ,ളാവിധിപ്പാതകൾ,
തത്ത്വശാസ്ത്രങ്ങളിൽത്തങ്ങും പൊരുളുകൾ,
സന്തതം നീലക്കുറുംകാട്ടിൽ മേവിടും
ജന്തുവ്രജത്തിൽനിന്നുണ്ടാമറിവുകൾ,
ഒക്കെയുമാവിർബ്ഭവിക്കും പവിത്രമാം
ദിക്കിലെ മൂകത തന്നുള്ളുകള്ളികൾ,
ഒക്കെയും ചെന്നലയിക്കുമിരുളണി-
ട്ടിക്കിലമർന്നിടുമുള്ളാക്കോപ്പുകൾ,
ഈ രണ്ടിനും നടുക്കായി മേഘത്തിൽ നി-
ന്നീടെഴും മേഘത്തിലേക്കു വിലങ്ങനെ
വാനിൽത്തുഷാരത്തിനാലേ രചിച്ചതായ്
വാരെഴും വാതകസ്തംഭങ്ങളുള്ളതായ്,
ത്തൂമ ചേർന്നീടും ഹരിന്മണിമാണിക്യ-
ഗോമേദകശ്രീലരത്നവർണ്ണങ്ങളാൽ
സുന്ദരോദാരമാമാകാശവേദിയിൽ-
പ്പിന്നെയും ചിക്കെന്നലിഞ്ഞുചേരുന്നതായ്
കാണും കമാനംകണക്കുള്ള ജീവിതം;—
ധ്യാനിച്ചു വാണാനിതൊക്കെ നക്താദിവം.

ആകയാൽത്തീരെ മറന്നു പലപ്പോഴു-
മാഹാരകാൎയ്യവു,മായതിൻ നേരവും
ചേലെഴാ കാൎയ്യവുമച്ഛനും പിന്നിട്ടു
നീളം വിചാരത്തിൽനിന്നുണൎന്നീടവേ,
കണ്ടിടും ഗൗതമൻ, പിച്ചതെണ്ടും പുര-
ത്തൊണ്ടു മുച്ചൂടൊഴിഞ്ഞിരിക്കുന്നതായ്
പിന്നു, തലയ്ക്കുമേൽബ്ഭാഗത്തു വന്മര-
ക്കൊമ്പത്തു ചാടിച്ചിരിയ്ക്കും കപികളോ
പച്ചക്കിളികളോ താഴത്തു വീഴ്ത്തിടും
പക്വഫലങ്ങളാൽ പൈദാഹമാററിടും.
ഇങ്ങനെ ജീവിച്ചുകൊൾകയാലോജസ്സു
മങ്ങിക്കളേബരം ശോഷിച്ചു നാൾക്കുനാൾ;
ഒന്നിനൊന്നോത്തമശ്രമത്താൽ, മഹാബുദ്ധ-
ചിഹ്നങ്ങൾ മുപ്പത്തിരണ്ടും പൊലിഞ്ഞുപോയ്;
സാലമരത്തിന്റെ തുംഗമാം കൊമ്പിൽനി-
ന്നാലോകപാലന്റെ കാല്ക്കലേക്കായതാ
വാടി വരണ്ടു പതിപ്പോരിലയ്ക്കു,മാ
വാസന്തവേലവപ്പുത്തഴപ്പിന്നും
തമ്മിലെമ്മട്ടുള്ള സാദൃശ്യമാതിടാ-
മമ്മട്ടിലൊട്ടും കുറഞ്ഞതല്ലാക്കകിൽ,
ഇന്നു ധൎമ്മവ്രതം കൈക്കൊണ്ടു, ചിന്തയാൽ
നിന്നിദ്രനായിത്തപിക്കുന്ന ദേവനും,

തൻനാട്ടിനൊക്കെയും പണ്ടിളംമന്നവ-
പ്പൊന്നലരായിപ്പുകഴ്ന്ന സിദ്ധാൎത്ഥനും.

അന്നൊരുനാളിൽ കഠിനശ്രമംകൊണ്ടു,
നന്നൊത്തുളന്നൊരമ്പ് ഭൂപാലനന്ദനൻ
കെല്പററു മാരകമൂൎച്ഛയ്ക്കധീനനായ്
നിഷ്പതിച്ചാൻ നിലത്താവന്യഭൂമിയിൽ
ശ്വാസമടങ്ങിയും ചോരയോടാതെയും
ലേശമനക്കമെന്യേയുമിളകാതെയും
ആകെയത്രയ്ക്കും വിളറ്റു കാണായിത-
ങ്ങാഹതനാമൊരു മൎത്ത്യനെപ്പോലവൻ.
രണ്ടു കൺപോളയും പൂൎണ്ണമായ് ചിമ്മിയും
ചുണ്ടുരണ്ടൊത്തൊരുങ്ങാതെനാവു ചാൽ കീറിയും,
തീ ചൊരിഞ്ഞീടുന്ന മധ്യാഹ്നമാൎത്താണ്ഡ-
രോചിസ്സമൂഹം തലയ്ക്കിട്ടു തല്ലിയും
തത്ര ശയിക്കുന്ന ദേവനെയാവഴി-
യ്ക്കെത്തിയൊരാനാടബാലനീക്ഷിക്കയായ്.
ഹന്തപാറ്റെന്നൊരക്കുട്ടി, കാട്ടത്താവൽദ്രുമ-
ക്കൊമ്പുകൾ പൊട്ടിച്ചു തീൎത്താൻ തണൽക്കുടിൽ,
പാവനമമ്മുഖം, കത്തും വെയിലിൽ നി-
ന്നാവതും നന്നായ് മറച്ചുവെച്ചീടുവാൻ
പിന്നപ്പവൻ, തൻ കറവയാടിൻ കനം
തങ്ങിനിന്നീടുമകിട്ടിൽനിന്നക്ഷണം,

വന്ദ്യൻ ഗുരുവിന്റെ ചുണ്ടിലേയ്ക്കിററിററു
മന്ദോഷ്ണദുഗ്ദ്ധം പിഴിഞ്ഞു വീഴ്ത്തീടിനാൻ.
ഏതോ കുലീനനും ദിവ്യനുമാണെന്ന
ബോധമുണ്ടാക്കിടും ഭവ്യസ്വരൂപനെ
വയ്യ, തൊട്ടീടുവാൻ;- താണ ജാതി,യ്ക്കതു
ചെയ്യരുതാത്തുള്ള കർമ്മമൊന്നല്ലയോ!

ദേവന്റെ ജീവിതം ചിത്രീകരിച്ചിടും
പാവനവേദങ്ങളോതുന്നു, കേൾക്കുവിൻ
കുത്തിനിർത്തീടിന ഞാവൽത്തലപ്പുകൾ
സത്വരം ചൈതന്യമാവഹിച്ചങ്ങനെ
പത്രപ്രസൂനസമൃദ്ധമായ് ത്തിങ്ങിയ
പുത്തൻഫലങ്ങൾ ചേർന്നുല്ലസിച്ചീടവേ,
വെള്ളിപ്പണിക്കുത്തു കാലിൻ നിരകളു-
മുള്ളം മയക്കുന്ന പൊന്മൊട്ടണിയുമായ്
ഏതോ നൃപാലന്റെ വേട്ടയ്ക്കു നിർമ്മിച്ച
ചേതോഭിരാമമാം പട്ടക്കുടാരമായ് !

പിന്നെക്കുമാരകൻ കൂപ്പിനാൻ ദേവനെ
മുന്നിലേതോ ദൈവമാണെന്ന ബോധനാൽ.
കിട്ടിയ വീർപ്പോടെഴുന്നൊരു ദേശികൻ
കുട്ടിതന്നോട്ടിലെപ്പാലു ചോദിക്കയായ്.
കമ്പമാർന്നോതിനാൻ ഗോപ,-"നയ്യോ! വിഭോ,
തമ്പുരാനേകുവാൻ വയ്യെനിക്കേതുമേ;

ദർശിപ്പതില്ലയോ, ശൂദ്രനിയ്യുള്ളവൻ;
സ്പർശിച്ചുപോയാലതങ്ങേയ്ക്കശുദ്ധിയാം."

അമ്പരന്നേവമങ്ങാപൻ പറഞ്ഞവേ
തമ്പുരാൻ വിശ്വാഭിവന്ദ്യനരുളിനാൻ:—
"നല്ലനുകമ്പയും ജീവിതാവശ്യവു-
മെല്ലാ നരരേയുമൊന്നാക്കി നിർത്തിടും.
ജാതിയില്ലിങ്ങൊരേ വർണ്ണമാം ചോരയിൽ;
ജാതിയില്ലാക്കും പുളിക്കുന്നൊരശ്രുവിൽ;
കുങ്കുമചന്ദനാദ്യങ്ങളാൽ നെററിയിൽ-
ബ്‌ഭംഗിയേറീടും തിലകങ്ങൾ കുത്തിയോ,
പിന്നെ,ക്കഴുത്തിലായ്പ്പൂണനൂലേന്തിയോ
വന്നു പിറക്കുന്നതില്ലാരുമൂഴിയിൽ.
ആരനുഷ്ഠിക്കുന്നു സൽകർമ്മ,മായവ-
നാരണനാൻ; ദുഷ്കർമ്മകാരി ചണ്ഡാലനും
മറെറാന്നുമോക്കാതെനിക്കു പാനത്തിനായ്
ചെററും മടിക്കാതെ നൽകൂ, സഹോദര !
ഇങ്ങു ഞാൻ തേടുന്നതെൻപക്കലൊവ്വുകിൽ
നിങ്ങൾക്കു നന്മയായ്ത്തന്നേ ഭവിച്ചിടും."

സന്താരം നൽകിനാൻ പാലജപാലകൻ
ഹ്യത്തിൽ സ്ഫുരിക്കും രസത്തോടുകൂടവേ.

വേറൊരു നാളാവഴിയേ കടന്നുപോയ്
വേഷപ്പകിട്ടിനാലുള്ളലച്ചീടുവോർ,

പട്ടണത്തിൻനടുക്കിന്ദ്രന്റെ കോവിലിൽ-
ച്ചിട്ടപ്പടിയ്ക്കൂട്ടമാടും കുമാരിമാർ
സംഗീതമേളം പൊടിപൊടിപ്പാനൊരു
സംഘമന്നവരന്മാരുണ്ടു കൂടവേ;
ചുററും മയിൽപ്പീലി ചേർത്തിണക്കി, ദ്രുതി
മുറുന്ന തോൽച്ചെണ്ട കൊട്ടുന്നതിന്നൊരാൾ;
ചേണാളമംഗുലിവിന്യാസഭേദേന
വേണുവിൽ സുസ്വരമാലപിപ്പാനൊരാൾ;
ഉല്ലാസമേവർക്കുമേകിടും മുക്കവി-
വല്ലകി മീട്ടുന്നതിന്നു വേറിട്ടൊരാൾ

ലാവണ്യസല്ലാപമെന്നപോൽ ചെങ്കുഴൽ-
ത്തൂവെള്ളിനൂപുരാരാവം തുളുമ്പിയും,
കണ്ണാഭിരാമമാം സംഗീതശൈലിയിൽ
കങ്കണമേഖലാക്വാണം മുഴങ്ങിയും
അപ്പെൺകൊടിമാരൊരോവഴിക്കെങ്ങും
കൽപ്പടികൾക്ക മീതേറിയേറിത്തദാ
ഏതോ മനോജ്ഞമാമുത്സവത്തിൽപ്പെടാൻ
കൗതുകമുൾക്കൊണ്ടു മുന്നോട്ടു നീങ്ങിനാർ
പെട്ടെന്നു വൈണികൻ കമ്പി മീട്ടീടവേ
തൊട്ടടുത്തുള്ളൊരു മോഹിനി പാടിനാൾ:—

"കോമളവീണതൻ കമ്പി മീട്ടീടവേ
കേമമായ്ത്തീരുന്നു നൃത്തം;

ഉച്ചത്തിലാവാതെ, താണുപോകാതെയു-
മുച്ചലിപ്പിക്കുു വിപഞ്ചി.
നൃത്തപ്രയോഗത്താൽ ഞങ്ങളാടിച്ചിടാം
മർത്ത്യചിത്തങ്ങളെക്കൂടി.
കമ്പി മുറിഞ്ഞുപോമേറെ മുറുകിയാൽ
കമ്രസംഗീതവും പോകും;
ഏറ്റെയയഞ്ഞാലോ കമ്പി നിശ്ശബ്ദമാം,
തീരെ നിലയ്ക്കും സംഗീതം.
ഉച്ചത്തിലാവാതെ, താണുപോകാതെയു-
മുച്ചലിപ്പിക്കുു വിപഞ്ചി."

ഇക്കണക്കോടക്കുഴലിനും വീണയ്ക്കു-
മൊക്കും ശ്രുതിയിലക്കന്യകാനർത്തകി,
വന്യമാർഗ്ഗത്തിലെ വള്ളിപ്പടർപ്പിൽ നി-
ന്നന്യമാം വള്ളിപ്പടർപ്പിലേയ്ക്കക്ഷമം,
ലീലയാ പാറും നിറന്ന പൂമ്പാററയെ-
പ്പോലെ തുള്ളിക്കളിച്ചങ്ങു പാടിടിനാൾ.
ആ വഴിയോരത്തിലത്തിച്ചുവട്ടിലായ്
പാവനധ്യാനത്തിലേപ്പെട്ടിരുന്നിട്ടും,
ധന്യസച്ഛരൂപൻെറ കണ്ണരന്ധ്രങ്ങളിൽ-
ത്തന്നല്ലവാക്കുത്തുമെന്നത്താർത്തിലവൾ.

സൈപരിന്നീവൃന്ദം കുഴഞ്ഞാടിയീ വിധ-
മാരണ്യഭാഗം കടന്നുപോയീടവേ,

നിൎമ്മലശ്രീയും മഹത്തരവും തങ്ങിടും
തന്മുഖം പൊന്തിച്ചു ബുദ്ധനോതീടിനാൻ:—
"കണ്ടുപോരുന്ന ജഗത്തിൽപ്പലപ്പൊഴും
പണ്ഡിതന്മാരെപ്പഠിപ്പിപ്പു വിഡ്ഢികൾ.
പേൎത്തും മുറുക്കുന്ന ജീവിതത്തിൽ വെറും
നേൎത്തൊരിത്തന്ത്രി ഞാൻ, വല്ല നാളെങ്കിലും,
കേവലം രക്ഷാനിപുണസംഗീതക-
മാവിർഭവിക്കാമിതിങ്കലെന്നോൎക്കയാൽ
ഉണ്മയെക്കാണ്മാൻതുടങ്ങമീവേളയി-
ലെന്മിഴി രണ്ടുമേ മങ്ങുന്നു മെല്ലവേ
ആവശ്യമത്രയ്ക്കു വൎദ്ധിച്ചുകൊൾകവേ
ജീവനശക്തി കുറഞ്ഞുപോകുന്നു ഹാ !
മൎത്ത്യനു കിട്ടേണ്ട സാഹായ്യമെൻപക്ക-
ലെത്തിയിരുന്നെങ്കിലെത്ര നന്നായിടും !
ആരുടെ ജീവിതംതന്നിലൂന്നീടുന്നി-
താശയെല്ലാവരു,മാ ഞാൻ മരിച്ചുപോം."
അന്നാളിലാനദീതീരത്തു, നാട്ടാരി-
ലൊന്നാമനാ,യീശഭക്തികേദാരമായ്,
വിത്തവാനായി,ദ്ദരിദ്രൎക്കു തോഴനാ-
യുത്തമശീലഗുണാദിസംയുക്തനായ്,
ചേലിൽക്കൃഷകൎക്കു താങ്ങായിട്ടും ബഹു
കാലിവൎഗ്ഗത്തിന്നു രക്ഷാധികാരിയായ്,

ജന്മിയാമേകൻ വസിച്ചിരുന്നു, കല്യ-
കൎമ്മപ്രസക്തിയാൽ സജ്ജനാരാധ്യനായ്.
തന്മന്ദിരപ്പേരിൽനിന്നാണുദിച്ചതാ-
രമ്യമാമൂരിനും 'സേനാനി'യെന്ന പേർ.
ശ്രീ വളൎന്നീടുമന്നാട്ടിൽത്തകം കരി-
ങ്കൂവളക്കണ്ണിമാർ ചൂടുന്ന രത്നമായ്,
ലാവണ്യധാമമായ് മിന്നും 'സുജാത'യാം
ജീവിതനാഥയൊടൊത്തുചേൎന്നായവൻ,
മേവിനാൻ പ്രീതിയും ശാന്തിയും സൎവ്വദാ
സേവനമൎപ്പിച്ചു കാത്തുനില്ക്കുംവിധം.
സൗമ്യയായ്, ശുദ്ധയായ്, കാരുണ്യപൂരവും
താഴ്മയും കോലുന്നൊരുള്ളിന്നുടമയായ്,
ആഭിജാത്യത്തിൻ മുഖശ്രീവിലാസവു-
മാരും പ്രിയപ്പെട്ടുമുക്തിമാധുൎയ്യവും
ഒത്തിണങ്ങീടും വിശിഷ്ടമാം സ്ത്രീധൎമ്മ-
മുക്താഫലമായ് പുകഴ്ന്നൊരത്തയ്യലാൾ,
സന്തുഷ്ടിയോടേ സനാഥയായ് ശാന്തമാ-
ഹിന്ദു സത്മത്തിൽപ്പുലൎന്നിതൊട്ടാനാൾ
അന്യൂനദാമ്പത്യരാഗം കനിഞ്ഞതി-
ല്ലെന്നാ,ലൊരാൺകുരുന്നുണ്ടായിവന്നിടാൻ
ആകയാൽ പ്രാൎത്ഥിച്ചുപോന്നാളനാരതം
ലോകമാതാവായ ലക്ഷ്മിയോടാകുലാൽ.

ഏറുന്ന ഭക്ത്യാ, വെള്ളത്തവാവല്ലുകൾ—
തോറും മഹാബിംബസന്നിധാനത്തിലായ്,
സുന്ദരമല്ലികാമാല്യവും, വെള്ളരി,
ചന്ദനത്തൈലവും കാഴ്ചവെച്ചാദരാൽ,
ഒമ്പതിററൊമ്പതു വട്ടം വലംവെച്ചു
കുമ്പിട്ടിരന്നാളൊരുണ്ണിയുണ്ടായ്‌വരാൻ
പിന്നെ നേന്നാൾ വനദൈവത്തൊടീവിധം:—
"എന്നാശ സാധിച്ചുവെന്നു വന്നീടുകിൽ,
തൂവമൃതുണ്ണുന്ന വിണ്ണോക്കുകൂടിയും
നാവാൽ സുഖസ്വാദ്യം നോക്കുവാൻതക്കതായ്,
മാധുരീപൂണ്ണമാം നൈവേദ്യമിങ്ങു ഞാൻ
പ്രീതിപ്രദമായ് സമൃദ്ധമായ് സാദരം,
ശാതകുംഭോജ്ജ്വലപാത്രത്തിലാക്കി നിൻ
പാദപമൂലത്തിലർപ്പിച്ചുകൊള്ളുവൻ"

നന്നായ് ഫലിച്ചിതാനേച്ച്; മങ്കയ്ക്കൊരു
സുന്ദരരൂപനാം നന്ദനൻ ജാതനായ്.

മുമ്മാസമന്നേയ്ക്കു ചെന്നൊരപ്പൈതലെ-
ത്തന്മാത്തടത്തോടണച്ചുകൃശോദരി,
കാൽനടയായിഗ്ഗമിച്ചു, കൃതജ്ഞയായ്
കാനനദൈവമമന്നിടും കോവിലിൽ.

ആനന്ദഭൂഷണമാകുമാരോമലിൻ-
മേനി മറച്ചു പുതപ്പിച്ചുകൊള്ളുവാൻ

ശോണിമ തഞ്ചുന്ന സാരിതൻ തുമ്പോടു
പാണിയാൽ ചേർത്തുപിടിച്ചും, മറുകരം,
ചാലെ മടങ്ങിട്ടമ്മട്ടുയർത്തി, റപ്പീഠ-
മൗലിയിൽ ഭോജ്യം നിറച്ചുള്ള പാത്രവും,
കോമളത്തങ്കത്തളികയും താങ്ങിയു,-
മാമരനാഹാരിണി പോകയാണങ്ങനെ

എന്നാൽ, തറ തൂത്തു ശാഖിതൻ ചുററിനും
പൊന്നൂല്ല ബന്ധിച്ചു ചന്തം വരുത്തുവാൻ
മുന്നേ നിയുക്തയാം 'രാധ' ഗാഢതരം
വന്നെത്തിയുച്ചത്തിലാത്തിനാലീവിധം:—
"എൻപ്രിയ സ്വാമിനി, കണ്ടാലുമത്ഭുതം !
സംപ്രീതനായ്ത്തൻ നിവാസസ്ഥലത്തതാ,
കാൽമുട്ടുകൾക്കുമേൽ കൈകൾ ചേർത്തങ്ങനെ
കാനനദൈവമിരുന്നരുളുന്നു, ഹാ !
നോക്കുക, നെററിതൻ ചുററും മനോജ്ഞമായ്
വായ്ക്കുന്നതെമ്മട്ടിലുള്ള തേജസ്സഹോ !
എത്രയോ സൗമ്യൻ, മഹത്തരൻ, കാഴ്ചയി-
ലത്രിദിവോചിതസുന്ദരലോചനൻ !
ദൈവങ്ങളീവിധം കൺമുമ്പിലെത്തുകിൽ-
ക്കൈവന്നു ചേരുന്ന ഭാഗ്യമതോർക്കണം"

ആവിധം, ദിവ്യസ്വരൂപൻ കനിഞ്ഞങ്ങു
മേവുന്നിതെന്നോർത്തു വിഹ്വലഗാത്രിയായ്,

ചെന്നു നിലംപാറി വന്ദിച്ചെഴുന്നേററു
ചെന്നളിനാസ്യം കുനിച്ചു നിന്നോതിനാൾ:—
"തൻ തരുവാടിയിലാരമിക്കും വിഭു,
തന്നോടിരപ്പോർക്കു നന്മ നൽകും പ്രഭു,
കിങ്കരിയായീടുമെങ്കൽക്കനിഞ്ഞു തൻ-
മംഗളവിഗ്രഹം സാക്ഷാൽക്കരിച്ചവൻ,
തൃപ്പാദമൂലത്തിലെങ്ങളർപ്പിക്കുമീ-
യല്ലോപഹാരങ്ങളംഗീകരിക്കുക!
വെൺ തുഷാരാഭമാം തൈരും. മിനുക്കിയ
ദന്തംകണക്കു തൂവെള്ളയാം ഭക്ഷ്യവും."

പിന്നെപ്പകർന്നിത തൈരവൾ, മനോജ്ഞമാം
പൊന്നുരുളികയിൽപ്പാലു, സുജാതയാം
നൽപ്പൂള്ളുകാർ തീർത്ത പാത്രത്തിൽനിന്നവ-
ളല്പാല്പമായ് വീഴ്ത്തി, ദേവന്റെ കൈകളിൽ
വാട്ടമേലാപ്പനീർപ്പൂക്കളിൽനിന്നുമേ
വാററിയെടുത്ത സുഗന്ധിയാമത്തറും.

പൊന്തിവന്നീടുന്നൊരാദരത്തോടുടൻ
സന്തുഷ്ടയാമമ്മ പിൻവാങ്ങി നില്ക്കവേ,
ഒന്നുമേ മിണ്ടാതനുഭവിച്ചീടിനാൻ
ധന്യാംഗിയർപ്പിച്ച ഭോജ്യം മഹോദയൻ.
പൊയ്പ്പോയ ശക്തിയും ജീവനും തൽക്ഷണ-
മുൾപ്പൂകിടുന്നതായ്ത്തോന്നി ദേവനഹോ!

തൽഭക്തി തൻ ഗുണത്താൽ ഹൎഷം നിറയ്ക്കുകി-
ലെത്രയുമദ്ഭുതമായകം തന്നെയായ്.
ഒട്ടുമുറങ്ങാതെ വാണ നിശകളും
പട്ടിണി നോൻപാൎന്ന നാനാദിനങ്ങളും
ചേതനയ്ക്കസ്വാസ്ഥ്യമുണ്ടാക്കിനിന്നതാ-
മേതോ കിനാവിൽക്കഴിഞ്ഞതുപോലെയും,
അന്തമില്ലാത്ത മണൽപ്പരപ്പിന്നുമേൽ
പൊന്തിപ്പറന്നു തളൎച്ച പാറീടുമേ
ഘൎമ്മരശ്മിവിചെദ്ധൂളി കണ്ഠത്തിലും
തന്മൗലിയിങ്കലും തങ്ങിയമൃത്തയും
ക്ഷാളനം ചെയ്യുവാൻ തക്ക പൂഞ്ചോലകൾ
വീണെന്നു കണ്ടതാമേതോ പതത്രിപോൽ,
പ്രാണനും ദേഹവുമൊത്തുചേരുന്നത്രയും
ചേണാൎന്ന ഭക്തിയിൽ പുങ്കാറുകൊൾകയാൽ
പ്രക്ഷീണഭാവങ്ങളെല്ലാമകന്നവൻ
പക്ഷങ്ങൾ വീണ്ടും പുതുക്കിയപോലെയും
മുന്നേതിലും തുലോം സൗഭാഗ്യയുക്തനായ്
നന്നേ പ്രസന്നനായ് ദേവനെക്കാണവേ
പിന്നെയും വന്ദിച്ചു ചോദിച്ചുകൊൾകയായ്
തന്വി സുജാതയാൾ താഴ്മയോടീവിധം:—
“നേരായിവിടുന്നുതന്നെയോ ദൈവ,മെ-
ന്നാരാധനം ഭവാനിഷ്ടമായ്ത്തീൎന്നിതോ?”

ആരാഞ്ഞു ഗൗതമൻ:- 'നീയെന്തു നല്കി മേ?'
നാരീലലാമം സുജാത ചൊല്ലീടിനാൾ:—
"ക്രൂററെഴും മൽപ്രഭോ. പുത്തനായ് പ്പേററുള്ള
നൂറു ധേനുക്കൾതൻ പാലു കറന്നു ഞാൻ,
അമ്പതു വെള്ളപ്പശുക്കൾക്കു നൽകിനേൻ,
പിമ്പവയ്ക്കുള്ള പാരലകിലൃതാദരം,
പഞ്ചവിംശൽധേനുരത്നങ്ങളെക്കാത്തു
പന്ത്രണ്ടിനേകിനേൻ തൽ ക്ഷീരമന്വഹം.
പോററിനേൻ പിമ്പവയ്ക്കുള്ള പാൽകൊണ്ടു ഞാ-
നേററം മികവുററൊരാറു ധേനുക്കളെ;
പിന്നീടവയ്ക്കുള്ള ദുഗ്ദ്ധം മുഴവനും
സുന്ദരവെള്ളിക്കലങ്ങളിലാക്കി ഞാൻ,
മാലേയമേലാദിഗന്ധവസ്തുക്കളും
ചേലേറിടും മാറതിൽ ചേൎത്തിണക്കിയും,
പുത്തൻ കൃഷിസ്ഥലത്തൊന്നാന്തരമായ
വിത്തിട്ടു നന്നായ് വിളഞ്ഞുള്ള നെന്മണി,
കത്തിയൊരുക്കിയ കൂട്ടത്തിൽനിന്നു വെൺ-
മഞ്ഞുരത്നപ്പടി മിന്നുന്ന നല്ലരി,
എണ്ണിപ്പെറുക്കിയെടുത്തു നിക്ഷേപിച്ചു-
മിന്നു പചിച്ചതാണൎപ്പിച്ച കാഴ്ച ഞാൻ.
എൻ കൃത്യമെത്രയും ഹാൎദ്ദമെന്നോൎക്കണ-
മെന്നുകൊണ്ടെന്നുള്ളത്തിലുറച്ചുകൊള്ളുവൻ.

ഇമ്മരച്ചോട്ടിൽവെച്ചൊന്നു നേൎന്നിരുന്നേൻ
പൊന്മകനൊന്നുണ്ടാകുമെന്നു വന്നീടുകിൽ
അപ്പരിതോഷത്തിനാലസ്ഥാനത്തു വന്നു ഞാ-
നൎപ്പിച്ചുകൊള്ളാം നിവേദ്യമെന്നീവിധം.
പുത്രനുണ്ടായിതെനിക്കെന്റെ ജീവിത-
മത്രയുമാനന്ദസൗഭാഗ്യയുക്തമായ്!"

പയ്യവെ ചെണ്ടലതൻ തെറ്റി നീക്കിയാ-
പ്പൈതലിൻ കൊച്ചുശിരസ്സിൽദ്ദയാമയൻ
പാരിന്നു താങ്ങാകുമക്കൈകൾ വെച്ചുകൊ-
ണ്ടാൎദ്രകാരുണ്യമോതിനാനീവിധം:—

"താവകാനന്ദം നിലനില്ക്ക! പൈതലിൻ
ജീവിതഭാരം ലഘുവായ്ബ്ഭവിക്കുക!
എന്തുകൊണ്ടെന്നാലതുമുറച്ചിട്ടവ-
നന്തികത്തെത്തിത്തുണപ്പാൻ കനിഞ്ഞു നീ.
നീ നിനയ്ക്കുംപോലൊരീശ്വരനല്ല ഞാൻ
മാനിനി, നിന്നുടെ സോദര്യനാമൊരാൾ.
ഇന്നോവരെയ്ക്കൊരു രാജകുമാരകൻ;-
ന്നിന്നൊരു സഞ്ചാരി,യെല്ലാ നരരിലും,
വാഴ്ക്കും തമസ്സു,വരൊക്കെയൊരിക്കുകിൽ
നീക്കുവാ,നെങ്ങോ വിളങ്ങുന്ന ദീപ്തിയെ
ഇയ്യയാറുകൊല്ലമായല്ലും പകലുമി-
ങ്ങായാസമോടേ തിരഞ്ഞു ചുററുന്നവൻ.

സന്ദേഹമില്ല ഞാൻ കണ്ടെത്തുമദ്ദീപ്തി-
യിന്നുദിച്ചു ദിവ്യാനുഗ്രഹാഢ്യമായ്.
അപ്പോഴെഴുമെയ്ക്കുറെത്തളർന്നുപോയെന്നുടെ
ദുർബ്ബലമായ മെയ്യെന്നറിഞ്ഞീടുക
സൗഖ്യോന്നതിയിലെയ്ക്കെത്തുവാനും സ്വയം
ദുഷ്കൃതം മാച്ചു വിശുദ്ധമാക്കാനുമായ്
പാരമതൽസുകൃതമിയന്ന ജീവാത്മാവു
ഭൂരിജന്മങ്ങളിൽക്കൂടിഗ്ഗമിക്കുമവ,
തൽഗതി നന്നായ് തരിപ്പിച്ചുകൊള്ളുവാൻ
ദുഃഖിതജീവിതവ്രാതത്തിലൂടവേ
നാനാപ്രകാരം വലിക്കപ്പെട്ടുകയാൽ
ക്ഷീണിച്ചോരെന്നെയ് പരാജിതമാകവേ
നീയെനിക്കേകിയ ശുദ്ധഭോജ്യം വീണ്ടു-
മായത്തമെന്നാക്കി വീര്യം സഹോദരി !
എന്നാലുയിർക്കൊരംകമാത്രം മധുരമായ്-
ത്തന്നെയോ കാൺമൂ യഥാർത്ഥത്തിലിന്നു നീ ?
ജീവിതം, പ്രേമ, മീരണ്ടിനാലിങ്ങു തേ
കേവലം തൃപ്തിപ്പെടാൻ കഴിഞ്ഞീടുമോ ?"
ഓതുകയായീ സുജാതയപ്പോൾ:—'പൂജ്യ-
പാദരേ' തീരെച്ചേരുതെന്റെ ഹൃത്തടം.
കഷ്ടിച്ചു പാടം നനയ്ക്കുന്നതാമല്ല-
വൃഷ്ടി,യാമ്പൽക്കുമ്പിളും മുററും നിറച്ചിടും.

എന്നാത്മനാഥൻെറ സൗമ്യവാക്കിലും
പൊന്മകൻ തൻ പൂപ്പുഞ്ചിരിച്ചാർത്തിലും
ജീവിതസൂര്യൻ സ്വകീയമാം വെൺകതിർ
തൂവിനിന്നാസ്സൽ ഗൃഹത്തിങ്കലത്രയും
ചാരുവാം ഗ്രീഷ്മം വിരചിച്ചുകൊള്ളുകിൽ-
ത്തപ്പോരു,മെനിക്കില്ല ചെററൊരാനന്ദവും.
നാനാതരം ഗൃഹ്യകൃത്യം നിറഞ്ഞെൻെറ
നാളുകളോരോന്നു പോകുന്നു സൗഖ്യമായ്.
ഞാനുണർന്നീശ്വരന്മാരെ സ്തുതിക്കുന്നു
ശോണാഭമാകും പ്രഭാതകാലം മുതൽ.
നല്ലരി നൈവേദ്യമർപ്പിക്കുമാദരാൽ
ചെല്ലത്തുളസിയെ ശുശ്രൂഷ ചെയ്തിടും;
കിങ്കരിമാർക്കായി വേല പങ്കിട്ടിടും
മംഗളമദ്ധ്യാഹ്നവേളയാം വേളവും.
ചോലയിലെൻ നേരിയ ഗാനം നുകർന്നു, മ-
ന്ദാലവൃന്തങ്ങളിൽ കാറേററുകൊണ്ടുമേ
എൻ മടിത്തട്ടിൽത്തല ചാച്ചുറങ്ങിടും
നിർമ്മലശീലനാം പ്രാണാധിനായകൻ;
അന്തിപോയത്താഴമുണ്ണുവാനെല്ലാര-
മ്മധുരവേളയടുത്തെത്തിടുംവരെ.
തൽസമീപത്തു ഞാൻ നിന്നുകൊണ്ടാഹാര-
മുത്സാഹമോടെ വിളമ്പുന്നിടം വരെ

പിന്നെജ്ജഗദീശപരാർച്ചയു,മാപ്തരാം
ധന്യമിത്രങ്ങളോടുള്ള സല്ലാപവും
മെല്ലെക്കഴിയെക്കൊളുത്തിടും നിദ്രയ്ക്കു
വെള്ളിവിളക്കുകളോരോന്നു താരകൾ.
ഏത്തട്ടിലെന്തിന്നു സംതൃപ്തികൊള്ളുന്നാ–
മിത്രസ്ഥാനുഗ്രഹം കൈവന്നിരിക്കവേ,
ഞ്ഞർ തൻ കരുന്നൈകെ—വേണ്ടിവന്നീടുകിൽ––
തന്റെപാദക്കുളെളാരാത്മാവിനെ സ്വയം
നാകലോകത്തിൽ കരേററ, മത്പുത്രനെ
നാഥന്നുവേണ്ടി ഞാനാവഹിച്ചീടവേ
പാന്ഥർക്കു നൽതണലേകിനിന്നീടുവാൻ
പാദപത്തിൻ നിര നട്ടു വാഴ്ത്തിക്കലും,
വാട്ടവും തൃഷ്ണയും തീർന്നു ജീവിക്കുവാൻ
നാട്ടുകാർക്കായൊരു കൂപം കുഴിക്കലും,
നല്ലൊരു പുത്രനെയുത്ഭവിപ്പിക്കലും
നന്മ നൽകീടും മൃതിക്കു പിമ്പാകുമേ,
എന്നനുശാസിപ്പതില്ലയോ, നിത്യവും
വന്ദനീയങ്ങളാം വേദങ്ങളൊക്കെയും.
ദൈവങ്ങളോടു സംഭാഷണം ചെയ്യുവോർ,
ഭവ്യദസ്തോത്രങ്ങൾ മന്ത്രതന്ത്രങ്ങളും,
ധന്യസദാചാരശാന്തിമാർഗ്ഗങ്ങളും
നന്നായ് ഗ്രഹിച്ചിങ്ങു വാണോർ, പുരാതനർ,

സിദ്ധരാമന്മഹാഭാഗരെക്കാട്ടില്ലാ
ബുദ്ധിപ്രഭാവമിപ്പെണ്ണിനില്ലായ്കയാൽ
തൽഗ്രന്ഥങ്ങളെച്ചൊല്ലുള്ള സംശോധനം
കൈക്കൊണ്ടിടുന്നു ഞാനാനമ്രമൗലിയായ്.
നന്മയിൽനിന്നിട്ടു നന്മയു,മപ്പോലെ
തിന്മയിൽ നിന്നിട്ടു തിന്മയും വന്നിടും,
എല്ലാൎക്കുമെല്ലാസ്ഥലത്തുമെക്കാലവു-
മില്ലതിൽ സംശയമെന്നോൎക്കുന്നു ഞാൻ;
കുററമററുള്ളോരു വേരുകളിൽ സ്വാദ്
ഊറുന്ന കായും, വിഷദ്രുമരാജിയിൽ
കയ്പ്പുകൂടീടുന്നവയും ജഗത്തിതി-
ലുല്പന്നമായിവരുന്നതു കാൺകയാൽ;
അത്രയുമല്ലിങ്ങു ജീവിതത്തിങ്കലും
ശത്രുതാ,മീൎഷ്യയെന്നുള്ള ഭാവത്തെയും,
സ്വാന്തകാരുണ്യം സുഹൃത്തുക്കളെ, ക്ഷമ
ശാന്തിയേയും ജനിപ്പിപ്പതും കാൺകയാൽ.
കല്പിതം പോലവേ നമ്മൾക്കു മൃത്യുവി-
ങ്ങെപ്പോഴാണെത്തുക മേലിലന്നേരവും
'ഇന്നെ'ന്നാമാതിരി നന്മയാണ്ടീടുന്നോ-
'രന്നു'മുണ്ടായ്‌വന്നുകൂടെയോ പാൎക്കുകിൽ?
ഏറെ നന്നായ്‌വരാം ദൈവയോഗത്തിനാൽ;—
ചാരുവായുള്ളോരു നെന്മണിയല്ലയോ,

തൂമുത്തൊരമ്പതണിഞ്ഞ ഹരിതക-
ത്തൂവലായ്പ്പൊന്തുന്ന ഭംഗിയേറുംവിധം
തീരെച്ചെറുതാ,യനാവൃതമായ് സ്വതേ
ചാരവർണ്ണം ചേർന്ന വിത്തിൻമുളകളിൽ
അൻപിലൊളിഞ്ഞുകിടപ്പുണ്ടു ഡുക്കൾപോൽ
ചമ്പകരാജതസൗവർണ്ണകാന്തികൾ.
താങ്ങുവാൻവേണ്ടി ക്ഷമാബലം, പൂഴിയിൽ
താനേ മുഖംകുത്തിവീണപോംമാതിരി,
മൽപ്രഭോ, ഞാനറിയുന്നുണ്ടു സങ്കട-
മുള്ളന്നമാവാം ബഹുവിധമെന്നഹോ !
എൻെറയിക്കൈക്കളഞ്ഞു മുമ്പിലേ പോവുകി-
ലെൻ ഹൃത്തു പൊട്ടിത്തകരുമെന്നോർപ്പു ഞാൻ;
മുക്കാലുമാശിക്കയാണു ഞാൻ, ഹൃത്തട-
മക്കണക്കിൽത്തകർന്നിടേണമെന്നുതാൻ.
എങ്കിൽത്തഴുകിടാം മൃത്യുവിൽപ്പെട്ടൊര-
ത്തങ്കത്തിടമ്പിനെ;- ക്കാത്തിടാം കാന്തനെ;—
ഏതൊരു ലോകത്തു വിശപ്പസ്തഭാര്യമാ-
രേവരും മേവുന്നിതജ്ജഗത്തിന്നകം,
ധർമ്മനിരതയായ് ശ്രദ്ധാപുരസ്സരം;—
നിർമ്മലനദ്ദേഹമെത്തിടുന്നോളവും.
എന്നാൽക്കൊടുംമൃതി,യെൻെറ 'ഭസനാ നി'യെ-
ത്തന്നേ വിളിക്കയാണാദ്യമെന്നാകിലോ,

പട്ടടയേറിയിരുന്നു ഞാനാ പ്രിയ-
പ്പെട്ട ശിരസ്സിനെ, ശ്ലീലിച്ചപോലവേ
എന്നങ്കസീമ്നി കിടത്തീട്ടും, കൊള്ളിയാൽ
വഹ്നിയാളിക്കത്തിനില്ക്കേ; കരിമ്പുക,
വീർപ്പുമുട്ടിച്ചു ചുരുണ്ടുയർന്നീടുന്നൊ-
രാപ്പൊഴുതിങ്കലുമാറ്റാതെപൂർണ്ണയായ്.
അമ്മട്ടു ഹൈന്ദവപത്നിയൊരുത്തി, തൻ
ജന്മമൊടുക്കുന്നു നിശ്ശങ്കമെങ്കിലോ,
അപ്പരിശുദ്ധമാം പ്രേമ,മരുളിടും
തൻ പ്രാണനാഥന്റെ ജീവനു മേല്ക്കുമേൽ,
ആ മഹിളാജനമൗലി തൻ കുന്തള-
രോമമൊന്നിന്നൊരു കോടി സംവത്സരം,
എന്ന കണക്കിൽ ത്രിവിഷ്ടപജീവിതാ-
നന്ദ,മെന്നല്ലയോ ശാസ്ത്രാനുശാസനം ?
ആകയാൽ പൂജ്യരേ, പേടിപ്പതില്ല ഞാ-
നാനന്ദസാന്ദ്രമാണിങ്ങെന്റെ ജീവിതം
നൊന്തു കേഴുന്നവ,രേഴകൾ, ദുശ്ചര്യർ,
സന്തപ്ത,രിത്തരം മററുള്ളവർകളെ
ഞാനൊരു മട്ടിലും വിസ്മരിക്കുന്നില്ല:—
ദീനരിൽദ്ദൈവങ്ങൾപ്രതിക്കേണമേ !
ഇജ്ജീവർ നല്ലതായ്ക്കാണുന്നതെന്തതു
ചെയ്യാനൊരുങ്ങുന്നിതേററം വിനീതമായ്;

ധർമ്മശാസ്ത്രാജ്ഞയ്ക്കു കീഴ്പ്പെട്ടതന്നെയെൻ
കർമ്മമനുഷ്ഠിച്ചു ജീവിച്ചുകൊൾവു ഞാൻ;
വന്നുചേരുന്നതും വന്നുചേരേണ്ടതും
നന്നായ് വരുമെന്നു വിശ്വാസമുണ്ടു മേ"

ദേവനരുളിനാൻ:- "നീ പഠിച്ചുള്ളതിൽ
ത്താവി നില്ക്കുന്നതാം ജ്ഞാനത്തിനപ്പുറം,
തത്ത്വാവബോധം വഹിച്ചുകൊണ്ടാര്യ-
സത്തമന്മാർക്കറിവോതിക്കൊടുപ്പു, നീ
ഇങ്ങനെ തൻ ധർമ്മകൃത്യമാർഗ്ഗം കണ്ട
മംഗളാചാരയാം നീയിനിയൊന്നുമേ,
ഉൾഗ്രഹിച്ചീടാതിരിക്കുവാനായ് സ്വയം
കൈക്കൊൾകയേ വേണ്ടു സംതൃപ്തിയിങ്ങെടോ!
സ്വീയപ്രിയരുമായ് സംശാന്തിസാന്ദ്രമാം
ഛായയിൽ പുഷ്ടമേ, നീ പുലർന്നീടുക!
മററുള്ള തസ്കരന്മാരുടെ കീഴ്വശം
മുററും പരപ്പാനു പന്തലിക്കേണ്ടതായ്,
ഭാവിജന്മങ്ങളിൽ കോടീരമൗലിയെ-
ദ്ദേവമാർഗ്ഗത്തിലുയർത്തിനിർത്തേണ്ടതായ്,
പ്രത്യക്ഷമാം തളിർച്ചാർത്തിന്നിണങ്ങിടാ,
സത്യമഹസ്സിൻെറ മാദ്ധ്യാഹ്നികാതപം
എന്നെ വന്ദിച്ചവളാണു നീയിന്നിതാ
നിന്നെ വന്ദിപ്പു, ഞാനുൽകൃഷ്ടമാനസേ!

സ്നേഹബന്ധത്തിൻ പ്രചോദനംകൊണ്ടു തൻ
ഗേഹത്തിലേക്കായ് പറക്കും പിറാവുപോൽ,
നീയറിയാതറിവിങ്കലേയ്ക്കെത്തുക-
യായിരുന്നെന്നുമറിഞ്ഞുകൊള്ളുന്നു ഞാൻ.
പ്രത്യാശയെന്തുകൊണ്ടുണ്ടായിവന്നിടും
മർത്ത്യജീവിക്കെന്നു,മേതൊരിടത്തു നാം,
ജന്മചക്രത്തെപ്പിടിച്ചുനിർത്തും സോച്ഛ്
തന്നെട്ടിലെന്നും സമീക്ഷിപ്പു നിന്നിൽ ഞാൻ
മേളിക്കുമാറാക, ശാന്തിയോടൊത്തു നീ,
നാളുകളെല്ലാം സുഖമായ് കഴിയുക!
ആവഹിച്ചീടുക സിദ്ധി നീ, യാവിധം
കൈവരിച്ചീടട്ടെ ഞാനുമസ്സിദ്ധിയെ;
ആരെയാണീശനെന്നോർത്തു നീ, യവൻ
നേരുക നീയിതെന്നാജ്ഞ നൽകുന്നതേ"

തൻകിടാവിൽത്തങ്ങുമുത്സുകരുമായ്
മങ്ക ചൊന്നാൾ,'ഉണ്ണി നേടുക സിദ്ധിയെ!'
പെട്ടെന്നു തന്നിളംപൂവൽക്കരങ്ങളെ-
ക്കൂട്ടിയും ബുദ്ധന്റെ നേർക്കു നീട്ടിനാൻ
നാം നിനയ്ക്കുന്നതിലേറെയിബ്ബാലരിൽ
ജ്ഞാനമുണ്ടല്ലോ യഥാർത്ഥത്തിലാകയാൽ,
നന്നായറിഞ്ഞുകൊണ്ടാദരാൽ ദേവനെ
വന്ദനംചെയ്തതായ് വന്നിടാമർഭകൻ:—

സിദ്ധമായ് വന്നൊരു ശുദ്ധബോദ്ധ്യത്തിനാ-
ച്ഛുദ്ധസത്ത്വനായ്പ്പിന്നെഴുന്നേററുടൻ,
അന്നുതൊട്ടേതൊന്നു വാടാതെ സൎവ്വദാ
നിന്നു ജഗൽപൂജ കൈക്കൊണ്ടിടുന്നുവോ,
അമ്മഹാബോധിദ്രുമത്തിന്നടുത്തെയ്ക്കു
തൻമൃദുപാദങ്ങൾ വെച്ചെഴുന്നള്ളിനാൻ
തദ്ദലശ്രേണിതൻതാഴത്തു ബുദ്ധനു
തത്ത്വപ്രബോധോദയമെന്നല്ലി, കല്പിതം ?
ആയതറിഞ്ഞാൻ മഹാഗുരുസത്തമ;—
നാകയാൽബ്ബോധിവൃക്ഷോന്മുഖനായ്ത്തദാ
ന്നേരേ മുറപോലെ സാവധാനം കഴൽ-
ത്താരൂന്നി, മുന്നിലേയ്ക്കേററമന്തസ്സോടേ
ആവഹിപ്പിൻ, ഹഹ! തുഷ്ടി, ലോകങ്ങളേ,
ദേവനെഴുന്നള്ളി ദാരുവിൻ നേൎക്കതോ !

തൂമയിൽപ്പന്തിയായ്ത്തൂങ്ങിടും വേടുകൾ
തൂണിൻനിരപോലെ ചൂഴ്ന്നു നില്ക്കുന്നതായ്,
ശ്രീതിരൾപ്പച്ചിലച്ചാൎത്തായിടും വളർ-
വാതിലിൻ തട്ടിനാൽ മേൽക്കൂരയാൎന്നതായ്,
നില്ക്കും മരത്തിൻ തണലിലങ്ങനെ
ഉൾക്കുഴലൂതുന്നതാരെന്നറിയവേ,
ചഞ്ചൽതൃണങ്ങളെക്കൊണ്ടും, പൊടുന്നനെ-
പ്പുഞ്ചിരിച്ചീടിന പൂക്കളെക്കൊണ്ടുമേ

പാവനപാദയുഗത്തിനു ചൂഴവും
ദേവി വസുന്ധരയർച്ചനംചെയ്തുത.
കല്യന്നു നൽത്തണലേകുവാൻ കാനന-
ച്ചില്ലകളൊട്ടു കുനിഞ്ഞുവന്നു തദാ.
വാരിദൈവങ്ങൾതൻ വീർപ്പായ പങ്കജ-
ത്താരിന്മണത്താൽക്കനത്ത മന്ദാനിലൻ,
മംഗളവാംഛിനിമദ്ധ്യത്തുനിന്നട-
നംഗം കുളിർമ്മപെടുക്ക വീശീടിനാൻ.
പന്നി, പുള്ളിപ്പുലി, മാനെന്നു തൊട്ടുള്ള
വന്യജന്തുക്കളിന്നങ്ങിയാരാത്രിയിൽ,
കന്ദരത്തിങ്കലും വള്ളിപ്പടർപ്പിലും
നിന്നുകൊണ്ടുത്സുകതാൽഫുല്ലനേത്രങ്ങളാൽ,
നോക്കിനിന്നീടുകയായീ കൃപാരസം
വായ്ക്കുന്ന തത്തിരുമേനിതന്നാനനം.
ചിത്രവർണ്ണാങ്കങ്ങൾ പൂണ്ടുന്ന മെയ്യുമായ്-
ക്കൊത്തിയാലാരെയും കൊല്ലുന്ന പന്നഗം.
പാദേ തണുത്താം തന്മടിയിങ്കൽ നി-
ന്നാടിച്ചുകൊള്ളും പടത്തോടുകൂടുമു
വന്നു വളഞ്ഞിഴഞ്ഞുദ്ദേവനോടുള്ള
ധന്യമാമാദരം പ്രത്യക്ഷമാക്കുവാൻ.
ചേലെഴും പൂമ്പാറ്റതൻ നിര, ദേവനു
താലവൃന്തങ്ങളെ ബ്ഭേസുന്ന കൂട്ടരായ്,

നീലവും പച്ചയും സൗവർണ്ണവർണ്ണവു-
മേലുന്ന പക്ഷങ്ങളാട്ടിപ്പറക്കയായ്.
ക്രൂരമാം ശ്യേനൻ,മിരയെ ത്യജിച്ചുടൻ
താരമായ് ശബ്ദം മുഴക്കീതെരുന്നെന്നെ.
ദേവനെക്കാണുവാൻ വണ്ണൂരചാങ്കിത-
ദേഹനങ്ങാനൊരോ കൊമ്പിലും പാഞ്ഞു തേ.
തൂങ്ങിയാടുന്ന തൻ കൂട്ടിലിരുന്നുടൻ
'തൂക്കണാംകുരുവി' ചിലച്ചൂ നിരന്തരം.
ഓടുകയായീ കൃകലാസമഞ്ജസാ,
പാടീ കുയിൽപ്പേട, കൂടീ പിറാവുകൾ.
സന്തുഷ്ടി കൈക്കൊൾകയായിതിഴഞ്ഞിടും
ജന്തുക്കൾപോലുമറിഞ്ഞു ദേവാഗമം.
ഭൃംഗഗണങ്ങൾ തൻ ശബ്ദങ്ങളക്ഷണ-
മേകമാം ഗാനത്തിലൊന്നിച്ചുചേർന്നു തേ.
കേൾക്കുന്നവർക്കെഴും കർണ്ണരന്ധ്രങ്ങളി-
ലാക്കമ്രഗാനം മൊഴിഞ്ഞിതേതാദൃശം:—
"ദേവരേ, മിത്രമേ, സൽപ്രേമപാത്രമേ,
ജീവിതോദ്ധാരകന്മാക്കോരുത്തമസഭേ,
ക്രോധങ്ങൾ, ദർപ്പങ്ങൾ, കാമങ്ങൾ, ഭീതികൾ,
മേദുരാശങ്ക,ളൊക്കെ വെന്നോൻ ഭവാൻ,
വ്യഷ്ടിസമഷ്ടികൾക്കാത്മാർപ്പണംചെയ്യ
ശിഷ്ടനങ്ങെ,ത്തുക പാദചോട്ടന്തികം.

ക്ലിഷ്ടമാം ലോകമനുഗ്രഹിപ്പു നൈജ-
കഷ്ടം കുറയ്ക്കുന്ന ബുദ്ധനാമങ്ങയെ.
പോവുക, ഞങ്ങൾക്കുവേണ്ടിയത്ര്യം പരെ-
ദേവ, യതിക്കുക, പൂജാർഹ, കീർത്തിത !
തുംഗവിജയമാർന്നോനേ, ഹേ പാലക,
സംഗതമായിതു സന്മുഹൂർത്തം വിഭോ !
ഉൽകണ്ഠയോടെ യുഗങ്ങൾ കാത്തീടിന
നപോൽ ക്കൊണ്ട രാത്രിയിക്കണ്ടതുത്തമോദയം."

വന്ദ്യനാമാചാര്യനാലിൻ ചുവട്ടിലായ്-
ച്ചെന്നിരുന്നപ്പോഴെയ്ക്കെത്തീ രജനിയും
എന്നാൽ, തമസ്സിന്റെ രാജകുമാരക-
നെന്ന പേർ പൊങ്ങുന്ന മാരൻ, മഹാബലൻ,
മർത്ത്യർക്കു മോചനം നൽകുന്ന ബുദ്ധനാ-
ണദ്ദിവ്യനെന്നതും, സർവ്വലോകത്തിനും
സത്യസന്ദർശനംകൊണ്ടു ജഗദ്ഗുരു
സദ്രക്ഷ ചെയ്യുന്ന ദേവനാണെന്നതും
വ്യക്തമായ്ക്കണ്ടറിഞ്ഞാശു തൻ താമസ-
ശക്തികൾക്കെല്ലാമൊരാജ്ഞ നൽകീടിനാൻ
വന്നെത്തിനാരുടൻ വൻ ഗർത്തമോരോന്നിൽ
നിന്നങ്ങു കൂട്ടമായജ്ഞാനസാരികൾ,
ജ്ഞാനപ്രകാശങ്ങളോടടരാടുന്ന
ഹീനകർമ്മാക്കളായുള്ള പിശാചുകൾ;

വൻ തമസ്സിന്നുമുമ്പ് ഭീതികളൊന്നുപോൽ
സന്തതിസ്ഥാനം വഹിക്കുന്നവററകം;
രാഗ,മരതിയും, തൃഷ്ണയും തൽക്കൂട്ട-
രാകും ഭയമോഹകാമഭോഗങ്ങളും.
ഒക്കെയും ബുദ്ധകവീർഷ്യയേന്തീട്ടുപോ-
രടും കാമ്പുവയ്ക്കുവാൻ തമ്മിലാരായുവോർ.
തെല്ലറിയുന്നീലൊരുത്തനും;—മൈത്രയും
ചൊല്ലേറിടും മഹാജ്ഞാനസമ്പന്നനും;—
ബുദ്ധനിൽ സത്യപ്രകാശം കടക്കാതെ
നിർത്തുവാൻ നാരകദുഷ്പിശാചിൻ ഗണം,
ശത്രുനാമാന്റെ കൊണ്ടാനിശാവേളയി-
ലെത്രമേൽ പോരാടിയെന്നുള്ള വാസ്തവം.
ചീററുന്നവാത്യതൻ ഭീകരഭാവവു-
മുററവുമാം പിശാചസേനാഗണം
ചീളെന്നു മാതംകുടുംബലമാകവേ
കാളമേഘച്ഛായയേററിക്കൂടാചന
വെട്ടമിടിയൊടും, ഭിന്നമാമംബര-
ത്തട്ടിൽനിന്നൊന്നിനൊന്നുഗ്രമായഞ്ജസാ
വാച്ച കോപത്തിന്റെ ലോഹിതശോഭമാ-
മീർച്ചവാളിൻ നിരയ്ക്കൊത്ത വടിവൊടേ,
കണ്ണഞ്ചുമാറുള്ള തേജസ്സിയററിട്ട -
വണ്ണം ചിതറുന്ന മിന്നൽപ്പിണരൊടും;

പിന്നെച്ചിലപ്പോൾ മനം കവർന്നീടുന്ന
സൗന്ദര്യസാരരൂപങ്ങളിൽനിന്നഹോ !
മൂകീകൃതങ്ങളായ് തങ്ങൾ ദലങ്ങൾക്ക-
മേകാന്തശാന്തമാമന്തരീക്ഷത്തിനും
മദ്ധ്യേ സുഖപ്രദമായി മുഴങ്ങുന്ന
മുഗ്ദ്ധവശീകരണാലാപമാലകൾ,
ഗ്രാമീണശൃംഗാരഭാവഗാനങ്ങ,ളും-
പ്രേമസല്ലാപങ്ങളെഗ്ഗ്രാമിണങ്ങിയും;
പിന്നെയംബ്ഭരണവാഗ്ദാനസമേതമാം
ധന്യരാജാർഹപ്രലോഭനം തൂകിയും;
പിന്നെയും വല്ലാതപഹസിച്ചീടുന്ന
സന്ദേഹമാർന്നുകൊണ്ടുമെ പാഴാക്കിയും.

എന്നാലിതെല്ലാം പുറത്തു കാണായിട്ടും-
വണ്ണം യഥാർത്ഥത്തിലുണ്ടായ് ച്ചമഞ്ഞതോ ?
അല്ലെന്നിരിക്കുകിൽ ദുഷ്ടപിശാചുക്കളോ-
ടന്തഃസമരം നടത്തിയെന്നുള്ളതോ ?
എന്തെന്നു നിങ്ങൾ വിധിക്കുവിൻ; പ്രാക്തന-
ഗ്രന്ഥങ്ങളിൽക്കണ്ടതത്രേ കുറിപ്പു ഞാൻ.

എത്തിനാരേറെ പ്രമുഖങ്ങളാകിയ
പത്തു ദുഷ്കർമ്മങ്ങളാരംഗഭൂമിയിൽ.
ക്രൂരപാപങ്ങൾ തൻ ദേവതമാരവർ
മാരൻെറ വിക്രമമാന്ന സേനാനികൾ.

ഒന്നാമതെത്തിക്കഴിഞ്ഞതാത്മാവിന്റെ
നിന്ദ്യമഹാപാപമാകു'മാറന്ത' താൻ.
കണ്ണാടിയിൽപ്പോൽ പ്രപഞ്ചത്തി,ലൻപെഴും
തന്നാനനത്തിൻ പകർപ്പു വീക്ഷിച്ചവൻ,
'ഞാനെ'ന്നു ചൊല്ലി,ജ്ജഗത്തിനെക്കൊണ്ടുമേ
'ഞാനെ'ന്നു ചൊല്ലിച്ചിടുന്നിതു സ്വസ്വരം.
ഒക്കെയും നാശത്തിലാണ്ടുപോം,മായവ-
ളുക്കണ്ണൈക്ക നിലനിന്നുകൊണ്ടിട്ടുകിൽ:
ചൊല്ലീടിനാൻ:—"അങ്ങു ബുദ്ധനാമെങ്കിൽ, മ-
റവള്ളോർ വെളിവററു തപ്പട്ടെ, പാരിതിൽ.
അങ്ങൊരു ലേശവും മാററമില്ലാതുള്ളൊ ാ-
ങ്ങായിരിക്കുകിലായതു പോരുമേ.
മാററവുമപ്പോലെ ക്രമഭംഗം യത്നവു-
മേററിടാതെത്തോരായ ദൈവങ്ങൾ തൻ സുഖം,
നന്നായ് വശത്തിലാക്കീടുവാൻവേണ്ടി,യ-
ങ്ങൊന്നൊഴന്നേററു കൈവരിച്ചീടുക."
എന്നാലരുളിനാൻ ശ്രീബുദ്ധനീവിധം:—
"നിന്നിൽപ്പെട്ടും നന്മയേററം നികൃഷ്ടമാം;
തിന്മയോ ശാപമാം; സ്വാത്മപ്രണയികൾ-
തമ്മെച്ചതിക്കുവാൻ പോയി നോക്കീടുക."
വന്നെത്തി, പിന്നീടു സർവ്വം നിഷേധിച്ചു
നിന്നിടും ചൈതന്യമററോര'സ്സംശയം'.

ഓതിനാൻ സീൽക്കാരപൂർവ്വം ഗുരുവിന്റെ
കാതിൽപ്പരിഹാസശീലനപ്പാതകം:—
"സർവ്വവസ്തുക്കളും തോന്നൽമാത്രം, നമു-
ക്കെവ്വർണ്ണമുള്ളൊരാദ്രവ്യങ്ങൾ തമ്മുടെ
നിഷ്ഫലത്വത്തെക്കുറിച്ചുള്ള ബോധവും
നിഷ്ഫലമാണെന്നു നിർണ്ണയിച്ചീടണം
നീ നിൻ നിഴലിനെപ്പിന്തുടർന്നീടുക-
യാ,ണെഴുന്നേററീയിടം വിട്ടുപോവുക.
ഇല്ലൊരു സത്തായ മാർഗ്ഗം, ക്ഷമാപൂർവ്വ-
മുള്ളൊ'രവജ്ഞ'യെക്കൊള്ളുമെന്നോർക്കണം.
ഇല്ല നിവൃത്തിയും മർത്ത്യന്നു, നില്ക്കലു-
മില്ലവൻ തൻ ഘൂർണ്ണചക്രത്തിന്നേതുമേ."
കൂറിനാൻ ദേവൻ:—"മനുഷ്യശത്രുക്കളിൽ
കൂടത്വമേറുമസത്യസന്ദേഹമേ,
തെല്ലെങ്കിലും നിനക്കിജ്ജനത്തോട്, പ-
ങ്കില്ലെന്നതന്നോ പറഞ്ഞുവെയ്ക്കുന്നു ഞാൻ."
മൂന്നാമതന്ധവിശ്വാസശതങ്ങൾക്കാ-
ശ്രുന്നായ 'ശീലവത്തുംഗാശ'യെത്തിനാൾ.
കൂടകർമ്മങ്ങളിൽത്തൽപര,താഴ്ന്നതാ-
യിട്ടും മതഭക്തി തൻ സ്വരൂപത്തോടേ,
ലീലാരതയായനേകരാജ്യങ്ങളിൽ-
ച്ചേലംയുടുപ്പിട്ടു ചുററിച്ചരിക്കുവോൾ;

കേവലം പ്രാർത്ഥനാതന്ത്രങ്ങളാൽ സദാ
ജീവാത്മവഞ്ചനം ചെയ്തുപോന്നീടുവോർ;
നാരകശ്രേണിയെപ്പൂട്ടുവാൻവേണ്ടിയും
നാകങ്ങളെല്ലാം തുറക്കുവാൻവേണ്ടിയും
തീർത്തുള്ള താക്കോൽകളൊക്കെയും ഭദ്രമായ്-
ക്കാത്തു തൻ കൈവശം സൂക്ഷിച്ചുപോരുവോർ.
ചൊന്നാളവരെവ;—"മുള്ളുറപ്പുണ്ടായി
വന്നീടുമോ നിനക്കെന്നു ചോദിപ്പു ഞാൻ;
ദിക്കുകൾക്കൊക്കെയും താങ്ങായ്, പുരോഹിത-
മുഖ്യരെപ്പോററും വിശുദ്ധധർമ്മത്തെ നീ
പാടേ കലക്കിപ്പതിപ്പിച്ചു ഞങ്ങൾ തൻ
പാവനഗ്രന്ഥങ്ങൾ മാററിവെച്ചീടുവാൻ?
മൂർത്തിഭേദങ്ങളെബ്ഭ്രഷ്ടരാക്കീടുവാൻ?
ക്ഷേത്രങ്ങളത്രയും നിർജ്ജനമാക്കുവാൻ?"
ബുദ്ധനോതീടിനാൻ,—"നേരതൊന്നു സൂക്ഷിച്ചു
ഭദ്രമായ് നിർത്തുവാനെന്നോടു ചൊൽവു, നീ,
മാററമുണ്ടാകുന്ന ചട്ടമാനായതു;
മാററമെന്യേ നില്പൂ. സത്യം സ്വതന്ത്രമായ്
സ്വീയമനസ്സാണ്ഡമണ്ഡലം തന്നിലേ-
ക്കായി നീയിക്ഷണം പിന്തിരിഞ്ഞീടുക."
ശ്രേഗമിച്ചീടിനാൻ പിന്നെയന്തസ്സോടേ
മോഹങ്ങൾതൻ ഗുരുവൻ, ധീരൻ പ്രബോധകൻ,

അന്യൂനമീശ്വരന്മാരുടെ മീതെയും
തന്നാധികാരക്രമം നടത്തീടുവോൻ,
പ്രേമങ്ങളെല്ലാമടക്കിബ്ഭരിക്കുവോൻ
'കാമൻ', സുഖസ്തോമസാമ്രാജ്യനായകൻ.
ഏത്തി സഹാസം മരത്തിന്റെ നേർക്കവൻ
രക്തപുഷ്പങ്ങളണിഞ്ഞ പൊൻവില്ലൊടും,
ഇക്ഷുചാളം പുരട്ടിയ കുന്തത്തലപ്പിനെ-
ക്കാളും കൊട്ടുമൂർച്ച കൈക്കൊണ്ടിരിക്കയാൽ
നെഞ്ചം തുളച്ചു മറുപുറത്തെത്തിടു-
മഞ്ഞു നാക്കുള്ളതാം ചേലവജ്രാചനാൽ,
ചെമ്മേ നിശാതമായ്ത്തീർന്നു കാണപ്പെടും
സമ്മോഹബാണങ്ങളോടും സമേതനായ്.
വന്നുചേർന്നീടിനാർ കാമന്നു ചുറ്റുമാ-
വന്ദ്യമാമേകാന്തഭ്രൂവിലാസലക്ഷണം,
സ്നിഗ്ദ്ധനേത്രങ്ങളുമോഷ്ഠാധരങ്ങളു-
മൊക്കുന്ന തേജഃസ്വരൂപാംഗങ്ങൾ കൂട്ടമായ്;
ഭംഗിയേറീടുന്ന നാനാചുപദങ്ങളാൽ
മംഗളോദാരപ്രണയാഭികീർത്തനം,
ദൃശ്യമല്ലാതുള്ള മോഹനതന്ത്രിതൻ
വശ്യമാം നാദത്തിനൊപ്പിച്ചു പാടുവോർ.
ഇമ്പം വളർത്തുമഗ്ഗാനങ്ങൾ കേൾക്കുവോൻ
സ്തംഭിച്ചുനിന്നുവോ രാവെന്നു തോന്നിടും;

അർപ്പിതശ്രദ്ധരാം നക്ഷത്രചന്ദ്രരും
നില്പായിരുന്നാ നൈജസഞ്ചാരവീഥിയിൽ;
അത്രമേൽ ദേവതാഹാരങ്ങളായ് ഗീതികൾ;
ബുദ്ധനോടേറ്റം സ്തുതിച്ചു പാടീടിനാർ.
വ്യക്തസ്വരങ്ങളെപ്പററിയ,മാവിധം
ചത്തുഴവരാം മർത്ത്യർ, പരന്ന മുപ്പാരിലും,
പ്രേമസന്തുഷ്ടരായ് താനേ താനുണർന്നതായ്
ശുമണ്ണം വീശും സുമാംഗി തൻ മാറിലും,
രാഗഭരത്തിൻെറ പത്മരാഗങ്ങളായ്
രോജാ നിറം പൂണ്ട പോർമുലത്തോത്തിലും
ഏറെ മികച്ചതായ് മൂല്യമേറുന്നതായ്
വേറൊന്നു കാണുന്നതില്ലയെന്നുള്ളതും;
എന്നല്ലഴകിൻെറ സുസ്വരം തന്നിലു-
മുന്നതഹാരിതവാസ്സിലും കാണുമതായ്,
വാച്യമല്ലാത്തതാ,യെന്നാൽ സകൗതുക-
മാത്മാവൊടാത്മാവു സല്ലപിക്കുന്നതായ്,
ചോരത്തിളപ്പിൻ വകയായ്, സുവൈശിഷ്ട്യ-
സാരമായ്, മാനുഷരെങ്ങമരരാചിതം,
സർഗ്ഗകർത്താക്കളെമീശരുമാകു,മാ-
സർഗ്ഗം;—എന്നൊന്നും നവീദവിക്കുന്നതും,
ആയിരം മാൽകൊടുത്തേറുവാങ്ങേണ്ടതു-
മായിടും വാസ്തവാനുഗ്രഹശ്രേണിയിൽ

ഒന്നാമതാകമനുഗ്രഹം;—യന്നൊയാ-
ണെന്നുള്ള ബോധമുൾത്താരിലുണ്ടാകയാൽ
തൽഗ്രഹണാർത്ഥം കുതിച്ചെത്തുമിപ്പൂത-
ന്നഗ്ര്യസപര്യയാൽ മേന്മയേറുന്നതാം
രൂപസൗഭാഗ്യത്തിനൊക്കൊള്ള പരിയായ്
പ്രാപിക്കുവാനൊന്നുമില്ലവനൊന്നാളും;
ആരഴൽപ്പെട്ടതായ് കാൺമൂ ജഗത്തിതിൽ?
താരെതിർമെയ്കകളാൽക്കെട്ടിപ്പുണരവേ,
താവും സുഖത്തിന്റെ സീൽക്കാരമൊന്നിലി-
ജ്ജീവിതം മുറ്റുമലിഞ്ഞുചേർന്നീടവേ,
ലോലമാം പ്രേമാർദ്രചുംബനമൊന്നിനാൽ
ലോകങ്ങളെല്ലാമൊക്കെയും കൈക്കലായീടവേ.
ഇങ്ങനെ പാടിനാർ, മാടിവിളിക്കവേ
ഭംഗിയിൽ സ്പന്ദിച്ചിടുന്ന കൈത്തണ്ടൊടും,
പ്രേമശിഖകളാൽദ്ദീപ്തമാം കണ്ണോടും,—
മാമനോമോഹനമന്ദസ്മിതത്തൊടും
മൃദുലമാം നൃത്തത്തിലൊട്ടൊട്ടുലഞ്ഞിടും
സ്നിഗ്ദ്ധാംഗകങ്ങളും പാർശ്വഭാഗങ്ങളും
മിന്നുകയായ്ത്തുലോം കൗതുകം കൂട്ടുവാൻ
നന്നായ്ത്തെളിഞ്ഞും മറഞ്ഞും യഥാക്രമം;
വണ്ണപ്പകിട്ടൊട്ടു വായ്ക്കുന്നിതെങ്കിലും
തന്നാകം കാട്ടാത്ത മൊട്ടുകൾക്കൊപ്പമായ്.

"സ്വന്തമാണങ്ങയ്ക്കു ദേവ, സിദ്ധാർത്ഥ! ഞാ-
നെൻതളിർമ്മെയ്യൊടിയാസ്വത്തിക്കു, ഭവാൻ
പിന്നെ,സ്സ്വഭാവഹം താനോ സുയൗവന-
മെന്നു നോക്കിക്കണ്ടറിഞ്ഞുകൊണ്ടീടുക."

ചേതസ്സുലയ്ക്കുമാറിക്കണക്കോതിയാ-
പ്പാതിരക്കൂത്തുകാർ കൂട്ടമായ്ക്കൂട്ടമായ്
മുമ്പിലുള്ളോരെക്കവിഞ്ഞുണ്ടു സൗഭഗം
പിമ്പു പിമ്പെത്തുവോർക്കെന്നു തോന്നുംവിധം,
മന്ദം കുണുങ്ങിക്കുഴഞ്ഞാടിയെത്തിനാർ
സുന്ദരരൂപങ്ങളബ്ഭൂരുഹാന്തികേ.
അത്രയും നിസ്തുല്യചാരുതയന്നോള-
മക്ഷികൾക്കുത്സവമാറിയിട്ടില്ലഹോ!

എന്നാൽഗ്ഗുരൂത്തമചിത്തമുലയ്ക്കുവാ-
നൊന്നും സമർത്ഥമായ്ത്തീരാത്ത കാരണം,
അങ്ങതാ പെട്ടെന്നിളക്കുന്നു തന്നുടെ
തുംഗമാം മാന്ത്രികകാർമ്മുകം മന്മഥൻ
കൂത്തടിച്ചീടിന മുഗ്ദ്ധരൂപങ്ങൾ തൻ
കൂട്ടം കുറഞ്ഞൊന്നു ചിന്നിപ്പരക്കവേ,
അസ്സമൂഹത്തിൽവെച്ചാകാരഭംഗിയും
നിസ്സീമരാജകീയോദാരഭാവവും
മെത്തുന്ന രൂപമൊന്നെത്തി, സുമാംഗിമാർ-
മുത്താം 'യശോധര'തൻ വേഷമാർന്നതാ !

ഭ്രമചലിതമായ്ക്കാണുമാറായിത–
ക്കോമളബാഷ്പാർദ്ര നീല ചക്ഷുസ്സുകൾ.
ശ്രേഷ്ഠനാം ദേവന്റെ നേർക്കങ്ങുഴറെറാട
നീട്ടിയ കൈകളോ, സാഭിലാഷങ്ങളും.
ദേവനെച്ചൊല്ലി വിളിക്കുമ്പൊഴപ്പുരി–
ദേവനം ഗാനംകണക്കു ചേതോഹരം !
ഉള്ളുലച്ചീടുന്ന വീർപ്പിട്ടുകൊണ്ടുടൻ
ചൊല്ലുകയായിത്തത്തുനിഴലിവിധം:—

“എൻ നരേന്ദ്രാത്മജ, ചാകുകയാണു ഞാ-
നെന്നറിഞ്ഞീടണം ത്വദ്വിയോഗത്തിനാൽ.
ഉജ്ജ്വലരോഹിണി വാഹിനിതൻ കര–
യ്ക്കുത്തുംഗമായുള്ളൊരാനന്ദമേടയിൽ,
നാമറിഞ്ഞുള്ളതിചയൽകൃഷ്ടമാന്നതായ്
ശ്രീമയസ്സ്വർല്ലോകമെന്തു കണ്ടു, ഭവാൻ ?
അങ്ങേയ്ക്കുവേണ്ടിപ്പണിപ്പെട്ടു നീക്കുനി-
തങ്ങു ഞാൻ കണ്ണീരൊടീവത്സരങ്ങളെ.
ഹാ! മടങ്ങീടുക, ദേവ! മടങ്ങുക,
ത്തുമയിലെൻപൊടി വീണ്ടും നുകരുക !
ക്രൂരാന്നൊരു കുറിക്കൂടിയിവൾക്കു നിൻ
മാറോടു ചേരാനനുജ്ഞ നൽകീടുക !
അപ്പോഴപാർത്ഥമിസ്വപ്നങ്ങൾ തീർന്നിടും,
ത്വൽ പ്രേമനാഥ ഞാനല്ലി? നോക്കീടുക.”

ഓതിനാൻ ശ്രീബുദ്ധനേതും കലുങ്ങിടാ-
"തോമലാൾ തൻ വേഷമാറ്റിരിക്കുന്നു നീ.
ശോഭനാകാരം വഹിക്കും മൃഷാത്മക-
രൂപമേ, നിൻ ക്രീഡ നിഷ്ഫലംതന്നെയാം.
ഏതൃമാം രൂപം ധരിച്ചുകൊണ്ടെന്മുന്നി-
ലെത്തിയ നിന്നെശ്ശപിക്കുന്നതില്ല ഞാൻ.
എന്നാലുരയ്ക്കുന്നു, നിന്മട്ടു മിഥ്യയാം
മന്നിടത്തിങ്കലെസ്സർവ്വ നാട്യങ്ങളും
ചെന്നു ലയിച്ചുകൊണ്ടീടുക വൈകാതെ
പിന്നെയും നീ നിൻെറ ശൂന്യപ്രകൃതിയിൽ."

പേർത്തും മുഴങ്ങുമാറമ്മരത്തോപ്പിലൊ-
രാർത്തനാദം വന്നലച്ചു പൊട്ടുന്നനെ.
ചേലേറുമസ്സംഘലേ, മഗ്നിനാളങ്ങൾ ത-
ന്നാലോലമോഹനദീപ്തിപ്പരപ്പോടും,
ആവിയാം ചേല തൻ പുഷ്ഠഭാഗത്തോടു-
മാകവേ മാഞ്ഞു മറഞ്ഞു പൊയ്പോയിതേ.

വാനിടം പിന്നെക്കറുത്തിരുണ്ടീടവേ
വായ്ക്കും കൊടുങ്കാററിരമ്പിത്തുടങ്ങവേ
എത്തി, കൊടും പാപസന്ദോഹമത്രയും,
പത്തിലും പിൻനില്ക്കു 'ഈർഷ്യ' മുന്നാഞ്ഞുതേ.
ലംബസ്തനങ്ങളിൽനിന്നു വിഷക്ഷീര-
മവിൽബ്ഭുജിച്ചു, മരക്കെട്ടു ചാറിയും.

കാളുന്ന ശാപമൊത്തുഗ്രമായ് ചീറിയും
കാണുമാറായുള്ള സർപ്പങ്ങളോടുമേ.
കല്യസ്വഭാവനാമമ്മർത്ത്യനോടഹോ !
വല്ലതും ചെയ്യുവാനായതില്ലവർ.
മിണ്ടാതെയാക്കിനാനീർഷ്യതൻ കയ്യാൽ
ചുണ്ടുകൾ, തൻ പരിശാന്തമാം നോക്കിനാൽ
അക്കരിമ്പാമ്പുകളെക്കൊണ്ടവർക്കെഴു-
മുൾക്കടദംഷ്ട്രകൾ കൂട്ടി മൂടിക്കയായ്.

പിന്നീടു വന്നെത്തി 'രൂപരാഗം'—വെറും
മന്നിടത്തിങ്കലെജ്ജീവിതത്തിൻ കൊതി—
ജീവിതലോഭം നിമിത്തം ജഗത്തിതിൽ-
ജ്ജീവിച്ചുകൊൾവാൻ മറക്കുന്ന കാമന;
പിന്നെയണഞ്ഞി'തരൂപരാഗം'—പുകൾ
തന്നിൽപ്പെരും കൊതി—ഭൂപത്തും സമുന്നതം;
സൂരീന്ദ്രരെയും വശീകരിച്ചീടുവാൻ
പോരുന്ന മായികതന്ത്രമുൾക്കൊണ്ടുള്ള ദേവൻ,
ധീരകർമ്മങ്ങൾക്കമർത്ത്യത്വത്തിനും
പോരിനും പേർക്കൊണ്ടൊരമ്മയായുള്ളവൾ.
ചാരത്തണഞ്ഞു 'സഗർവ്വാഭിമാന'വും
നേരിയോ'രാത്മീയധർമ്മസൽബോധ'വും.
പിന്നെയത്തൊണ്ടൻ തവളയും വാവലു-
മെന്നപോൽ തൂങ്ങിയും, പക്ഷങ്ങളാട്ടിയും

നിന്ദ്യങ്ങളുഗ്രങ്ങളെന്നല്ലരൂപിക-
ളൊന്നല്ലനേകങ്ങൾ ചൂഴും നിശാചരി,
കല്മഷം, ഭീതിയിരണ്ടിനു,മൊന്നുപോ-
ലമ്മയായുള്ളാ,'ളവിദ്യ' വന്നെത്തിനാൾ.
പാദവിന്യാസം നിമിത്തം നടതിലും
പാതിരാക്കാളിമ കൂട്ടുവോളാണവൾ.
നന്നായുറപ്പാർന്ന ശൈലം വിറച്ചുപോയ്,
വന്യസമീരനിരമ്പീ കഠോരമായ്;
ഭിന്നജീമൂതഗുഹാതലം പായിച്ചു
മിന്നൽപ്രഭായുതവൃഷ്ടിപ്പുഴകളെ.
വിണ്ണിൽനിന്നൂക്കിൽത്തെറിച്ചു താരാഗണം,
ചണ്ഡമായ് ഞെട്ടീ കനത്ത ഭൂമണ്ഡലം;
പൊട്ടിത്തുറന്നുള്ള പുണ്ണിലാരോ ഭൃശം
കട്ടിക്കൊടുംകനൽ വെച്ചെന്നമാതിരി.
പിഞ്ഞിയരുണ്ടുള്ള വാനത്തു വന്നുടൻ
തിങ്ങിനിറഞ്ഞൂ നരകം ഭരിക്കുവോർ;
മൂളുന്ന പക്ഷവുമാർപ്പുമലർച്ചയും
കാളും തുറുംകണ്ണു കാട്ടും മുഖങ്ങളും
ഏറെ വിരിഞ്ഞുള്ള ഘോരമാം ഗാത്രമായ്-
ധീരൻ ഗുരുവിനെപ്പാട്ടിലാക്കീടുവാൻ
എണ്ണമററുള്ള നരകഭേദങ്ങളിൽ
നിന്നാത്മസൈന്യത്തോടൊത്തുവന്നാരവർ

എന്നാൽ പ്രശാന്തനായ് ധ്യാനമാളീടുന്ന
ധന്യനാം ബുദ്ധൻ ഗണിച്ചീലിതൊന്നുമേ;
മുററുമാത്മീയ മഹാഗുണസഞ്ചയം
ചുററുമകമ്പടിസേവിക്ക കാരണം;
ദ്വാരനികരവും കൊത്തളപംക്തിയും
ദേവരുന്നോരുഗ്രനാം ദുർഗ്ഗം കണക്കിനെ
അപ്പരിപൂതമാം ശ്രീബോധിവൃക്ഷവു-
മല്പമനങ്ങിയില്ലിക്കലാപങ്ങളാൽ.
നിശ്ചലം നിന്നു തിളങ്ങി ദലാവലി,
സ്വച്ഛനിലാവൊളി മൂവന്തിവേളയിൽ
മന്ദം നിരക്കുന്ന മഞ്ഞുനീർമുത്തുകൾ
തെന്നലിൽച്ചിന്നിത്തകരാത്ത മാതിരി.
അങ്ങുത്തുംഗൻ പട്ടുകളേററം നിഴലിന്നു-
മങ്ങേപ്പുറത്താണിളക്കങ്ങളൊക്കെയും.
പിന്നെ മൂന്നാംയാമമാഗമിച്ചീടവേ
മന്നിടം കേവലം മൂകമായ്ത്തീരവേ,
ഉന്നരകപ്പട തോററു മണ്ടീടവേ
മന്ദമസ്തംഗത ചന്ദ്രങ്കൽനിന്നുടൻ
നിർമ്മലശീതളമാരുതൻ വീശവേ
സമ്യക്പ്രബുദ്ധത ദേവന്നു സിദ്ധമായ്.
മർത്ത്യർ തൻ നശ്വരചക്ഷുസ്സിന്നപ്പുറം
മെത്തും മഹസ്സിൽത്തെളിഞ്ഞു കണ്ടാൻ ഗുരു;

തൻ ജന്മസഞ്ചയം, സർവ്വലോകങ്ങളിൽ
തങ്ങിനിന്നുള്ളവയെല്ലാമനുക്രമം
എത്രയോ മുമ്പതിൻ മുമ്പുമുമ്പുള്ള വ-
യത്രയു,മെണ്ണിയാലഞ്ഞൂറ്റെമ്പത്തും
കാണുന്ന മാമലത്തുഞ്ചത്തിലെത്തവേ
ക്ഷീണാംഗനായ്ത്തീർന്നു വിശ്രമിപ്പോരനാരതം,
കർക്കശപാഷാണഗഹ്വരഭാഗങ്ങ-
ളുൾക്കൊണ്ട വക്രമാം തൻ പാതയത്രയും-
കാഴ്ചയിൽക്കണ്ടും കണക്കേ ചുരുങ്ങിയ
കാടുകളോരോന്നു പിന്നിട്ടു കാൽകളാൽ
വഞ്ചകപ്പുല്പ്പരപ്പിൻ ചതുപ്പിലും
തൻ ചരണങ്ങൾ പതിച്ചുകൊണ്ടങ്ങനെ,
നിർഭരാശ്വാസമടക്കിപ്പണിപ്പെട്ടു
നിമ്നതലങ്ങളിലാണ്ടും കരേറിയും,
തെററിയോ കാലെന്ന ശങ്കയോടേ തല
ചുററിടും കുന്നിൻ കടകങ്ങളേറിയും,
നീളും വെളിസ്ഥലം, നീർച്ചാട്ടമെന്നല്ല
കാളിമാവാളിടും കന്ദരം, പല്വലം,
എല്ലാം കടന്നു താൻ വാനത്തിലെത്തുവാ-
നെങ്ങനിന്നൗൽസുക്യമോടേ കുതിച്ചുവോ,
മങ്ങുമബ്ഭ്രവിൻ പരപ്പിലായ് ദൃഷ്ടികൾ
തങ്ങുമാററത്രയും പിന്നിലാവോളവും.

ആ വിധം ബുദ്ധൻ നിരീക്ഷിച്ചു, മേലോട്ടു
ജീവൻ കരേറിക്കഴിഞ്ഞുള്ള കോണികൾ:
തീരെ വീർപ്പററുപോം കണ്ടിൽനിന്നമ്മല-
യോരത്തിലേക്കു കടക്കുന്ന മൎത്ത്യന്റെ
പോത്തും കരേററുവാൻ പറ്റു മഹാത്മ്യന്നം
കാത്തുനിന്നീടും മുകളിടത്തോളവും.
എന്നല്ല കാൺകയായ്, മുജ്ജന്മസ്സിൻ വിത-
യെങ്ങനെ കൊയ്യുന്നിതിജ്ജന്മമെന്നതും:
വന്നിടും നേട്ടം വരിച്ചും, വിനഷ്ടമായ്
വന്നുള്ളതിന്നു സമാധാനമേകിയും,
എങ്ങുമറിഞ്ഞുപോം തൽഗതി, യങ്ങനി-
ന്നൊങ്ങനെ വീണ്ടും തുടരുന്നുവെന്നതും;
ജന്മമോരോന്നിലും നന്മയെ നന്മയും
തിന്മയെപ്പുത്തനാം തിന്മയുമെങ്ങനെ
കൂട്ടുന്നുവെന്നതും, മൃത്യു, കടങ്ങളും
നേട്ടവും കൂട്ടിനോക്കുന്നുവെന്നുള്ളതും,
പിന്നെയുമരിയാം കണക്കിനൊക്കും വിധ-
മന്യൂനമായ് വിട്ടുവീഴ്ചയില്ലാതെയും
കേവലം പാപപുണ്യങ്ങളാ,യത്തുക
ഭാവിജന്മത്തിൽപ്പതിയുമെന്നുള്ളതും,
അങ്ങതിൽപ്പൂൎവ്വവിചാരങ്ങൾ, കർമ്മങ്ങൾ,
സംഗരം, കൈവന്ന വെററി,യെന്നല്ലഹോ !

നഷ്ടജന്മങ്ങൾ തൻ ചിഹ്നങ്ങളോർമ്മയും
കെട്ടിച്ചമർത്തു നാതെമ്മട്ടിലെന്നതും.

മദ്ധ്യയാമത്തിൻെറ മംഗളവേളയിൽ-
സ്സിദ്ധമായ്ത്തീർന്നിതു ദേവനാഭിജ്ഞയും;—
ഈ മഹാഗോളത്തിനപ്പുറത്തായെഴും
നാമവിഹീനമാം ഗോളകപംക്തിയിൽ
എണ്ണമററുള്ള താരം, തേജസ്സമൃദ്ധമാം
വിണ്ണിൻെറ മണ്ഡലം തന്നിൽച്ചരിപ്പതായ്,
വെവ്വേറെ നില്ക്കിലും വൃന്ദമായ് വൃന്ദമായ്
സർവ്വവും തങ്ങളിൽ ബന്ധിച്ചിരിപ്പതായ്,
ഒന്നതാണെങ്കിലും കാണികൾക്കൊക്കെയും
ഭിന്നസ്വരൂപങ്ങൾപോലെ തോന്നിപ്പതായ്;
തീരമററാഴമറിഞ്ഞീടാതശൂന്യ-
നീരമായെപ്പോഴും മാററമാം കോളിനാൽ
കല്ലോലിതമായ നീലാംബരാബ്ധി തൻ
വെള്ളിത്തുരുത്തുകൾക്കൊപ്പം വിളങ്ങിടും,
കോടി ലോകാക്കളിൽച്ചെന്നു ചരന്നതാ-
യിട്ടൊരു മിന്നനൊരന്തർവ്വിലോചനം;—
കണ്ടാനദൃശ്യബന്ധത്താൽ സ്വലോകങ്ങൾ
വേണ്ടപോൽ നിർത്തും പ്രഭാകരന്മാരെയും;
ജ്യോതിസ്സ്വരൂപങ്ങളാകുമവററയു-
മേതുമൊരന്തംപെടാത്ത വൃത്തങ്ങളിൽ

എന്നുമേ മാറുന്ന കേന്ദ്രത്തിൽനിന്നു താൻ
സുന്ദരമായുള്ള ജീവതേജസ്സിനെ
കമ്രമാം താരത്തിൽനിന്നു താരത്തിലേ-
ക്കുല്ലാനമങ്ങനെ ചിന്നിച്ചു സന്തതം
തങ്ങളെക്കാൾ ബലം കൂടും ഗ്രഹങ്ങളെ-
യങ്ങനെ ചൊല്പടി ചുററുന്നുവെന്നതും.
നല്ലപോലീക്ഷിച്ചുകൊണ്ടാനിതൊക്കെയും
തെല്ലുമേ ചിമ്മാത്ത കണ്ണാൽ ഗുരൂത്തമൻ.
ചക്രത്തിലന്യമാം ചക്രം കണക്കിനേ
നില്ക്കുന്ന ലോകങ്ങളോരോന്നിനും ക്രമാൽ
കല്പ മഹാകല്പകാലഭേദങ്ങളി-
ലുദ്ഭൂതമായുള്ള നാനാകഥകളും;
ആ നീണ്ട കാലത്തിനുള്ളാരതിരുകൾ
മാനവന്നൊട്ടും ധരിക്കാവതല്ലഹോ !
തുംഗഹൈമാദ്രിതൊട്ടാഴിയാവോളവും
ഗംഗ തൻ നീർത്തുള്ളിയെണ്ണുവാനാകിലും.
അത്ര നിസ്സീമമാം കാലങ്ങൾകൊണ്ടിവ
വൃദ്ധിയെ പ്രാപിച്ചു പിന്നെ ക്ഷയിച്ചിടും.
അത്രകാലംകൊണ്ടു ദിവ്യമാമിഗ്ഗണ-
മുദ്ദീപ്തജീവിതം പേറീട്ടിരുണ്ടുപോം.
അന്തമില്ലാതെ പരന്ന നീലാകാശ-
പാക്കത്തിയിലൂടവേ നീതനായ്ത്തീർന്നവൻ,

മിന്നുന്ന ശാദ്വലദേശങ്ങൾ പിന്നിട്ടു
കുന്നുകൾ കേറിയും കുണ്ടുകൾ താണ്ടിയും,
കാണാകുമാകാരരാജികൾ പിന്നിലും
ചേണാർന്ന ഗോളകശ്രേണികൾ മീതെയും
ഓരോ ഗ്രഹത്തിലും കാളിപ്പരന്നിടും
പ്രേരണാശക്തികൾക്കൊക്കെയുമപ്പുറം,
ശബ്ദരഹിതമായ് വ്യാപരിച്ചീടുമാ-
ശ്ശങ്കാവിഹീനമാം നിശ്ചയം കണ്ടു താൻ;
വായ്ക്കുമേതൊന്നിനെയായിട്ടുമഹാബലം
വായ്ക്കൊന്നുമില്ലാത്ത തൻ നിദേശത്തിനാൽ
ആരും നടത്തുവാനില്ലാത്ത മട്ടിലു-
മാരും മുടക്കുവാനില്ലാത്ത മട്ടിലും,
മെത്തും തമസ്സിനെച്ചാരു വെളിച്ചവും
ചത്തുപോയോരെസ്സജീവചൈതന്യരും
കേവലം ശൂന്യത്തെയൊക്കെയും പൂർണ്ണവും
ഹാ ! നിരാകാരത്തെയാശു സാകാരവും
ഭദ്രങ്ങളെ സ്വയം ഭദ്രതരങ്ങളും
ഭദ്രതരങ്ങളെസ്സർവ്വോത്തമങ്ങളും
ആക്കിച്ചമയ്ക്കുന്നു; കാരണം ചൊല്ലിടാ-
മോർക്കിലായതു ദേവോപരിസ്ഥിതം.
നിർവ്വികാര്യ,മനിർവ്വാച്യ,മെന്നല്ലതു
സർവ്വാതിശായിയായ് വർത്തിച്ചിടുന്നതാം.

സൃഷ്ടിച്ചു സർവ്വവും, നഷ്ടമാക്കി,പ്പുന-
സ്സൃഷ്ടിചെയ്തീടുന്നതേതൊരു ശക്തിയോ,
അശ്ശക്തി, സൗഭഗം, സത്യ,മാവശ്യവു-
മാച്ച ധർമ്മത്തിൻെറ കല്പനയ്ക്കൊത്തു താൻ
സർവ്വം ഭരിക്കുന്നിതമ്മഹാശക്തിക്കു
സർവ്വദാ കീഴ്പ്പെട്ടുനില്ക്കുന്നതൊക്കെയും
നന്മ ചെയ്യുന്നു, വിരുദ്ധമായ് നില്പവ
തിന്മയാണുണ്ടാക്കിവെയ്ക്കുന്നതത്രയും.
സഞ്ജാതമാകുന്നു നന്മ,യാഭവാളവും
തൻ ജാതിധർമ്മം പുലർത്തുന്ന കീടവും,
ചെഞ്ചോര ചോരുമിരകളെക്കൊണ്ടുപോയ്-
പ്പിഞ്ചിളംകുഞ്ഞിന്നു നൽകും കഴുകനും
ഗോളങ്ങളായിസ്സഹോദരഭാവത്തെ-
ക്കാളുന്ന താരവും മഞ്ഞുനീർത്തുള്ളിയും
തുല്യമാം ജോലിയിലേർപ്പെട്ടു നാൾക്കുനാ-
ളുല്ലസിച്ചീടുന്ന കാഴ്ച കാണ്മീലയോ ?
ദോഷമേ തീണ്ടാതെ ദീർഘജീവിത-
ക്ലേശം സഹിക്കുന്നൊരെല്ലാററിനേയുമേ
ചെറുതും വലിപ്പച്ചെറുപ്പം ഗണിക്കാതെ
പേറുന്ന മട്ടിൽ സഹായിക്കയെന്നിയേ,
രോധിച്ചിടാ സ്വയമെന്നുള്ളുറപ്പോടേ
സാധിപ്പു ജീവിതസഞ്ചാരമെങ്കിലോ,

ചാവുന്ന ഭംഗിയായ്‌ജ്ജീവിച്ചുകൊള്ളുവാൻ,
ചാകവാൻ ജീവിച്ചുപോരുന്ന മാനുഷൻ.
മദ്ധ്യയാമത്തിലെട്ടിവ്യസമാധിയിൽ
ബുദ്ധനിതൊക്കെയും കണ്ടാനനുക്രമം.

പിന്നെ നാലാംയാമമങ്ങെത്തിനില്ക്കവേ
വന്നു, പാപത്തോടുകൂടിക്കലൎന്നതായ്,
തട്ടാൻെറ തീയിനെക്കിട്ടവും ബാഷ്പവും
കത്താതെയാക്കിച്ചമയ്ക്കും കണക്കിനെ,
പേരെഴും ധൎമ്മത്തെയാകെക്കെട്ടുത്തുവാൻ
പോരുന്നതാകുമദ്ദുഃഖരഹസ്യവും.
കാട്ടുകയായിതദ്ദുഃഖസത്യം, ഗുരു-
ശ്രേഷ്ഠന്ന സത്സത്യപംക്തിയിലാദിമം;
എങ്ങു ചലിക്കുന്നു ജീവിതമങ്ങുമാൽ
എങ്ങനെ ജീവിതച്ഛായയാമെന്നതും
ഉദ്ഭവവൃദ്ധിവിനാശങ്ങൾ മാത്രമ-
ല്ലുൾപ്രേമ,മീൎഷ്യ,സുഖാസുഖാവസ്ഥകൾ,
എന്നല്ല, ജീവിച്ചിരിക്കുക, കൎമ്മങ്ങ-
ളെല്ലാമനുഷ്ഠിച്ചുകൊൾക,യെന്നിങ്ങനെ
ജീവിതത്തെ,സ്സദാ മാറും തദീയമാം
ഭാവങ്ങളോടുമുപേക്ഷിച്ചിടുംവരെ,
ജീവികൾക്കൊക്കെയും ദുഃഖിതാവസ്ഥയെ-
ക്കൈവിട്ടുമാറുവാനാവില്ലയെന്നതും

ദുഃഖമിതെന്നു സൗഖ്യങ്ങളും സുഖ-
മക്കണ്ണമേകുന്ന തീവ്രദുഃഖങ്ങളും
കേവലം ജാലങ്ങളെന്നറിയാത്തവൻ
ഭാവിപ്പതില്ലവ മാററിക്കളയുവാൻ.
എന്നാൽ കുരുക്കുകളെല്ലാമവിദ്യതൻ
സന്നാഹമാണെന്നു കണ്ടറിഞ്ഞീടുവാൻ,
ജീവിതത്തിൽക്കൊതികൊള്ളില്ല തെല്ലുമേ
പാവനമുക്തിയെത്തന്നെ വരിച്ചിടും.
താദൃശനാകുമൊരുത്തൻെറ കണ്ണുക-
ളെത്തുനേരത്തും തുറന്നിരിക്കും ദൃഢം.
ആയവൻ നന്നായ് നിരീക്ഷിച്ചിടുന്നു ഹാ!
മായ ദുർവ്വാസനയുണ്ടാക്കിടുന്നതായ്;
കേവലമിന്ദ്രിയസൗഖ്യപരിജ്ഞാന-
ഭാവത്തിനാൽ നാമരൂപം ജനിപ്പതായ്.
മുററും വിഷയവശ്യേന്ദ്രിയം പൂണ്ടൊരു
മർത്ത്യൻെറ ഹൃത്തിലെക്കാഴ്ചകളത്രയും
ബിംബിച്ചിടുമാറു നൽകുന്നമുണ്ടൊരു
സമ്മോഹനീയമാം സുസ്ഥിരദർപ്പണം.
ആ വിധം വന്നു പിറക്കുന്നു വേദന —
കേവലം വൈഷയികാനന്ദജീവിതം —
തൻ പരിതോഷത്തിൽ മിഥ്യ,ദുഃഖത്തിങ്ക-
ലപ്പെക്കൊരാരവ്യമാകുമജ്ജീവിതം.

ദുഃഖാൎത്തനാകിലും സന്തുഷ്ടനാകിലു-
മുത്ഭവിപ്പിക്കയാണു സന്തൃഷ്ണയെ.
അത്തൃഷ്ണ മേന്മേൽ കടിപ്പിപ്പു ജീവിയെ
മിഥ്യാപ്രപഞ്ചവിവൎത്തിയിൽനിന്നു താൻ
അൻപിൽ രൂപങ്ങൾ, മൂൎത്തിമാനങ്ങളും,
സമ്പത്തു, സംസ്തുതി, വിശ്രുതിപൂരവും,
ആധിപത്യം, ജയം, പ്രേമം, വാസനവും,
സ്വാദുവാം ഭോജ്യവും. ചിത്തപ്രസാദവും;
അനപായഗൎവ്വവും, ജീവിതകാമവു-
മന്യരുമായുള്ള താരതമ്യശീലവും,
തിക്തവും മാധുൎയ്യയുക്തവുമായ് വരും
യത്നത്തിൽനിന്നു ഗളിക്കുന്ന പാപവും.

പാരാതെ ദേഹത്തിലൊട്ടിയാക്കിടുന്ന
പാനക്രിയയാൽ സഹനീയമാം തൃഷ്ണയെ
ഭോഗമെന്നു ജീവിതം, ജ്ഞാനിയാം ത്യജിക്കും
നീക്കുന്നു നിശ്ശങ്കനാത്മാവിൽനിന്നഹോ !
മായികദൃശ്യങ്ങൾകൊണ്ടു തന്നിന്ദ്രിയ-
വാജികൾക്കേകുകില്ല തീറ്റയെന്തെങ്കിലും;
ഏതുമാശിക്കയില്ലുദ്യമിക്കില്ലവൻ
പാതകം ചെയ്യില്ല താനെന്നുറച്ചിടും.
മുമ്പു ചെയ്തീടിന കൎമ്മങ്ങളാൽ വരും
ദുഃഖങ്ങളൊക്കെദ്ധൈൎയ്യത്താൽ സഹിച്ചിടും.

സ്വീയവികാരങ്ങളെല്ലാം വിശപ്പിനാൽ
നായും വരെയുള്ളമമർത്തിപ്പിടിച്ചിടും.
പോയികഴിഞ്ഞ ജന്മത്തിൻ മുഴുത്തുക-
ഥായൊരു ജീവന്റെ സംഖ്യ, തൻ ചിന്തകൾ,
കർമ്മകംബകമെന്നു ചൊല്ലപ്പെടും
കാണാത്ത പാവിന്റെ മീതെ വിലങ്ങനെ,
കാണാത്ത കാലമാമൂടു ചേർത്തങ്ങനെ
ചേർന്നൊരിട്ടമ്മാരു നെയ്തിട്ടുള്ളതാം
സ്വാർത്ഥം ജഗത്തിൽ പ്രവർത്തിച്ചതിൻ ഫലം
ചേർത്തു പാപവും ശുദ്ധവുമാം വരെ.
മേലിലതിന്നൊരു മെയ്യും പ്രദേശവും
തേടേണ്ടതില്ലെന്നു വന്നുപോമെന്നാകിൽ,
അല്ലെന്നിരിക്കിൽ പുത്തൻ ജനസ്സിലുൽ-
ഫുല്ലമാം ന്യൂനതയത്നങ്ങളതും,
നീരെക്കനം കുറഞ്ഞിട്ടാതെയായിട്ട-
ന്മാരു തന്മാർഗ്ഗം മുഴുപ്പിച്ചുകൊള്ളുവാൻ
കൊള്ളുന്നതേതൊരു ന്യൂനഭേദമെ-
ന്നുള്ള സംബോധവൃദ്ധിക്കും ക്രമത്തിനാൽ.
ഭൂവിൻ ചതിയിൽനിന്നെല്ലാമകന്നിടും
ഭൗതികസ്കന്ധങ്ങൾ കൈവിട്ടു നിന്നിടും;
അമ്മട്ടുപാദാനബന്ധങ്ങളറ്റിടും
ജന്മചക്രച്ചുറ്റൽവിട്ടു രക്ഷപ്പെടും;

ഭീകരസ്വപ്നം വെടിഞ്ഞവൻപോലവേ
ജാഗരം കൊണ്ടിടും, ബോധം വരിച്ചിടും.
പിന്നെയോ, മന്നരെക്കാളും മഹാബലൻ
വിണ്ണവരെക്കാളുമേററം പ്രഹർഷവാൻ
താദൃശജീവിക്കു നിശ്ശേഷമററിടും
വേദനയേററുന്ന ജീവിതാസക്തിയും.
പോരുന്നു,—ജീവിതം കൈവരിച്ചീടാതെ
ചേണെഴും ജീവൻ—അനാമകശാന്തിയിൽ—
നിന്നാമഹർഷത്തി,ലുൽകൃഷ്ടനിർവ്വാണ-
മെന്നുള്ളവസ്ഥയിൽ—പാപരഹിതമാം
നിഷ്ക്രിയവിശ്രമംതന്നിൽ—പ്പരിവൃത്തി-
യൊക്കെയുമററ മഹാപരിവൃത്തിയിൽ.

അദ്ഭുതമത്രേ, ഗുരുവിൻ വിജയത്തോ-
ടൊപ്പം വിഭാതവും വന്നുദിച്ചു തദാ.
ഉല്ലസൽ പൗരസ്ത്യദിക്കിൽപ്പറന്നിട്ട-
മല്ലിന്റെ കാർമററത്തൊങ്ങലിൽക്കൂടവേ
ചെമ്മെ പടർന്നൊലിച്ചാഭ ചാർത്തി, പരി-
രമ്യമഹസ്സിന്റെയാദ്യപ്രദീപ്തികൾ.
എങ്ങും വിലങ്ങനെച്ചാരവർണ്ണംകൊണ്ടു
ഭംഗിയേറീടുന്ന രശ്മിശലാകകൾ,
പാടലശോഭങ്ങ,ളങ്ങുദിച്ചീടവേ
പാരം പരപ്പാർന്ന വാനിന്റെ നെററിയിൽ

മങ്ങി, നിറംകെട്ട വെള്ളിക്കു തുല്യമ-
പ്പൊങ്ങിനിന്നീടിന ശുക്രനക്ഷത്രവും.
ലോകമറിഞ്ഞിടുംമുമ്പു താൻ കണ്ടുപോയ്
മാഹാത്മ്യമാർന്നിടും ബോധശാത്മാവിനെ
അങ്ങേദ്ദൂരത്തുള്ള മങ്ങിയ കുന്നുകൾ,
ചെങ്കിരീടങ്ങളണികയും ചെയ്തതേ.
ഓരോ മലരുമുഷസ്സിന്റെയുത്സാഹ-
പൂരിതനിശ്വാസമേറ്റുകൊണ്ടങ്ങനെ
മന്ദം തുറക്കാൻ തുടങ്ങി, യീ വേളയിൽ
തൻ നറും ദിവ്യമൃദുദലങ്ങളെ.

കാൽവെച്ചു പുല്ലിന്റെ മീതെ നടന്നുപോയ്
കാളുന്ന വൈഭാതികോദ്ദീപ്തി വിഭ്രമം;
നീലരജനി തൻ കണ്ണീർക്കണങ്ങളെ-
ച്ചൊല്ലെഴുമാറ്റോടരത്നങ്ങളാക്കിയും,
ഊഴിക്കു ശോഭനാലങ്കാരമേകിയും
താഴുന്ന കൊണ്ടലിൽപ്പൊൻകസവോറിയും,
ശ്രീലസമാറ്റോടവന്ദനസ്പന്ദിത-
താലപത്രങ്ങളിൽക്കാഞ്ചനം പൂശിയും,
കന്ദരപംക്തിയിൽപ്പൊൻകതിർ ചാട്ടിയും
മന്ത്രദണ്ഡംകൊണ്ടു തൊട്ടു സരിത്തിനെ
അന്യൂനശോഭമാം പൊന്നല ചിന്നിച്ചു
മിന്നുന്ന ലോഹിതരത്നമായ് മാറ്റിയും,

പൊന്തയിൽ സാരംഗസദൃശ്യാക്ഷികൾ
കണ്ടു 'പുലൎന്നുപോയ് നേര'മെന്നോതിയും,
കൂടണഞ്ഞുള്ള പിറാക്കൾക്കുള്ളിലായ്
ഗാഢമുറങ്ങുന്ന കുഞ്ഞിത്തലകളെ
തൊട്ടു 'പൈതങ്ങളേ! വാഴ്ത്തുവിൻ വാസര-
ത്തിട്ടിനെസ്സാദര'മെന്നു മന്ത്രിച്ചുമേ
നിർവൃതി പൂണ്ടു മുഴക്കി കുഴലൊലി
സൎവ്വവിഹംഗമസ്തോത്രങ്ങളക്ഷണം:—
അദ്ഭുതകോകിലവേണുഗാനാമൃതം,
ബുൽബുലത്തിന്റെ മനോഹരകീൎത്തനം,
ധന്യ'മുഷസ്സുഷസ്സെ'ന്നു കൊണ്ടാടിടും
വൎണ്ണാഭിരാമമാം ശാരിക തൻ സ്വരം,
പക്ഷിക്കൂട്ടമുണൎന്നു പുറത്തേക്കു
പക്ഷങ്ങളാട്ടിച്ചുരിപ്പതിൻമുന്നമേ
മഞ്ജുവാം തേൻതുള്ളി കൊള്ളുവാൻ വെമ്പിടും
മഞ്ഞക്കിളികൾ തൻ കോമളനിസ്വനം,
ചാരവൎണ്ണം തടം കാക്ക തൻ ക്രന്ദനം,
കീരങ്ങളുച്ചം ചിലയ്ക്കുന്ന സുസ്വരം,
മെത്തുന്ന പൂംപച്ചവൎണ്ണമാളും മരം-
കൊത്തി തൻ കൊത്തലും മൈന തൻ ശബ്ദവും,
ഭൂവിലൊരിക്കലും തീരാത്തതാമരി-
പ്രാവുകൾ തമ്മുടെ രാഗസല്ലാപവും:—

ഉവ്വ.വ്വരച്ചിടാമത്ര ജയാനന്ദിതം
ദിവ്യ.മക്കാല്യപ്രഭാവമെന്നായിതേ.
ല്ലരഞ്ഞ,രികിലും മർത്ത്യാലയങ്ങളിൽ-
പ്പൂരിച്ചിതജ്ഞാതശാന്തിയൊന്നക്ഷണം.
ഭവ്യമഹാർമ്മുഖഗന്ധവിഹ്വലപവന-
മുവ്വിയെപ്പോഴും തിളക്കി നിന്നീടവേ.
താൻ കത്തി കാട്ടാതെ പൊത്തീനാൻ ഘാതകൻ,
വൻകള്ളനിഃട്ടച്ചപോയീ കവർച്ചകൾ;
നാണ്യങ്ങളൊന്നു കഴിഞ്ഞു മതൽപ്പിടി,
നാരകീയാശയന്മാരൊക്കെയും സത്യമായ്,
കാരുണ്യമേലുന്ന ഹൃത്താം, സ്വസത്യമായ്,
ഉച്ചാരയുദ്ധം നിർത്തിവെച്ചു നൃപതികൾ
കട്ടിലിൽനിന്നുമെഴുന്നേറ്റു ചാടിനാർ
പൊട്ടിച്ചിരിച്ചുകൊണ്ടാതുരരൊക്കെയും;
ചുഞ്ചിരിക്കൊണ്ടു മരിപ്പാൻ തുടങ്ങവോ,-
രഞ്ചിതനാകമസ്സുപ്രഭാതോദയം,
ഏറ്റം കിഴക്കിനപ്പുറത്തുള്ളതാ-
മൂററിൽനിന്നാരെന്നറിയുന്നതിൻ വിധം.
    സിദ്ധാർത്ഥരാജകുമാരൻെറ മെത്തമേൽ
ശോഭിച്ചിരിക്കും യശോധരം താനെടെ
ഹൃത്തിലും പെട്ടെന്നുദിച്ചു ഹർഷം, പരി-
ത്രുലേമാം പ്രേമം പരാജിതമാകയോ,

അത്ര വിപുലമാം ദുഃഖ.മാനന്ദത്തി-
ലെത്താതിരിക്കയോ വയ്യെന്ന മാതിരി.
കാരണമെന്തെന്നു കണ്ടതില്ലെങ്കിലും
പാരിടമത്രയ്ക്കു സന്തോഷപൂൎണ്ണമായ്.
കോലമില്ലാത്തതാം പ്രേതവും ഭൂതവും
കാലേ നിരീക്ഷിച്ചു ബുദ്ധദേവോദയം,
മൂൎച്ഛയുണ്ടാക്കും വിനോദഗാനങ്ങളും
മൂളി മരുക്കൾക്കു ശീതം വരികയായ്.
ഉച്ചത്തി'ലായത്തു തീൎന്നുപോയ് ത്തീൎന്നുപോയ്';
ഉച്ചരിച്ചാർ വിണ്ണിലേവരുമത്ത്യരും.
അപ്പോൾ പുരോഹിതരാശ്ചയ്യമഗ്നരായ്
വിഭ്രമിച്ചീടും ജനങ്ങളോടൊത്തു താൻ
നിന്നുപോയ് വീഥിയി,ലാകാശമാകവേ
മിന്നിക്കുമാസപൎണ്ണസൗഭഗം നോക്കിയും,
അമ്പോ! മഹത്താകുമെന്തോ ജഗത്തിതിൽ
സംഭ്രതമായിക്കഴിഞ്ഞെന്നു ചൊല്ലിയും.
കാട്ടിൽപ്പകവുണ്ടു മേവും മൃഗാദിയിൽ
ക്രൂരരായുള്ളവരാവിവന്നു പൊടുന്നനെ.
നിർബ്ഭയം പുള്ളിമാൻ മേഞ്ഞു, തള്ളപ്പുലി-
യർഭകരക്ഷണം ചെയ്യുന്നിടത്തു താൻ
നക്കിക്കുടിക്കയായ് വ്യാഘ്രം, ചെറുപൊയ്ക-
വക്കിൽനിന്നാണ്മാനൊടൊത്തു തണ്ണീരഹോ!

ചാടീ കഴുകന്റെ പാറ തൻ താഴെയ്ക്കു
ചാലത്തവിട്ടനിറം പൂണ്ട പാഴ്മുയൽ;
എന്നാൽക്കഴുകതിൻ ഭീഷ്മമാം കൊക്കിനാൽ-
ത്തന്നല സല്ലടം കോതി മേവീ വൃഥാ.
തന്നുടെ രത്നങ്ങൾ മൂടിക്കൊള്ളുകയായ്-
പ്പന്നഗം, വൻവിഷപ്പല്ലുകാട്ടാതെ താൻ.
സ്വച്ഛന്ദമായ് ചരിച്ചീടുവാൻ വിട്ടിതു
കൊച്ചുടയ്ക്കാക്കിളിതന്നെക്കരികിലും.
മന്ദമുറങ്ങിത്തുടങ്ങി പൊന്മാൻ, ബഹു
മത്സ്യങ്ങൾ താഴത്തു നീന്തിക്കളിക്കവേ.
നീലവും താമ്രവും ശോണവുമാകിയ
ഭേദമെഴും വർണ്ണം വഹിക്കുന്ന പൂച്ചികൾ,
ചുററും പരക്കെക്കടന്നു പിടിക്കുവാൻ
ചെററുമനങ്ങിയില്ലീച്ചപ്പിടിയനും.

ബോധിദ്രുമത്തിൻ ചുവട്ടി,ലേവൎക്കുമായ്
സാധിച്ച വെററിയാൽഗ്ഗൗരവമേന്തിയും,
വാസരദീപ്തിയെക്കാളും പ്രദീപ്തമാം
വാരൊളി തിങ്ങിയും ധ്യാനനിമഗ്നനായ്
വാണിടുന്നോരവും ബുദ്ധന്റെയാത്മാവു
ലീനമായ് മൎത്ത്യരിൽ,പ്പക്ഷിമൃഗങ്ങളിൽ.

പിന്നെസ്സുമംഗളതേജസ്സു മാത്രമ-
ല്ലുന്നതഹർഷവും ശക്തിയും പൂണ്ടവൻ

ആ മരച്ചോട്ടിലെഴുന്നേററു നിന്നുകൊ-
ണ്ടീമട്ടു താരസ്വരത്തിലോതീടിനാൻ,
സൎവ്വകാലങ്ങളും സൎവ്വലോകങ്ങളും
നിർവൃതിയാൎന്നു ചെവിക്കൊണ്ടിടും വിധം:—
ദുഃഖസാന്ദ്രമാമിന്ദ്രിയകാരക-
ളൊക്കെയും വിനിർമ്മിച്ചോരു ശില്പി'യെ
നോക്കി നീങ്ങുന്നൊരെന്നാൽ ത്താണ്ടതല്ലോ
വാഴ്ക്കും ജീവിത നാനാനികേതങ്ങൾ;
മൽപ്രയത്നമവിശ്രാന്തമെങ്കിലും
വിപ്രതിപന്നമായിരുന്നു സദാ.
കണ്ടുപോയി ഞാനെന്നാലുമിത്തവ്വിൽ
കാര നിർമ്മിച്ച നിന്നെ ശ്ശനിയെ !
ഇല്ല, നിർമ്മിക്കയെന്നതില്ലാ, ഭവാ-
നിന്നിമേലിലൊരിക്കലുമീവിധം,
വാച്ച നോവിന്റെ വന്മതിൽക്കെട്ടുകൾ,
വഞ്ചനയുടെ മേല്പുരച്ചാൎത്തുകൾ;
മൃത്തികയുടെ മീതെ കരേററില്ല
പുത്തനായ കഴുക്കോലൊരെണ്ണവും;
ഭംഗമാം തവ ഗേഹം പൊളിഞ്ഞുപോയ്
തുണ്ടുതുണ്ടായ് കഴിഞ്ഞു മോന്തായവും;
മിഥ്യ തീൎത്തോരമ്മന്ദിരം വിട്ടിതാ
നിത്യമുക്തിയെപ്പൂകാനിറങ്ങി ഞാൻ.